ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

ശ്രീയേശുചരിതം.

അർണോസ്.

ശ്രീബുദ്ധചരിതം

[കിളിപ്പാട്ട്]

എൻ. കുമാരൻ ആശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

A FREE TRANSLATION

OF THE

LIGHT OF ASIA.

BY

Sir Edwin Arnold.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

ശാരദാ ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

Printed at the "Ananda" Press, Trivandrum.

1915.

മുഖവുര.

പ്രസിദ്ധ ആംഗല കവിയായ സർ, എഡ്വിൻ അർനാൾഡിന്റെ കൃതികളിൽ "ഏഷ്യയിലെദീപം" ("Light of Asia") ഏറ്റവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണ്. ഇതിനെ ഇപ്പോൾ ലോകത്തുള്ള മിക്ക പ്രധാനഭാഷകളിലും തർജ്ജിമ ചെയ്തിട്ടുണ്ട്. വിഷയഗൌരവവും കവിതാഗുണവും ഓർത്താൽ ഈ കൃതിക്കു സിദ്ധിച്ചിട്ടുള്ള അസാമാന്യമായ പ്രസിദ്ധിയെയോ പ്രചാരത്തെയോ പററി ആൎക്കും അത്ഭുതം തോന്നുന്നതല്ല. ഈ "ശ്രീബുദ്ധചരിതം" കിളിപ്പാട്ട് ആ വിശിഷ്ടകൃതിയുടെ ഭാഷാന്തരമാകുന്നു. ബുദ്ധഭഗവാന്റെ ചരിത്രവും ബുദ്ധമതത്തിന്റെ പ്രധാന മൂല തത്വങ്ങളുമാണ് ഇതിലെ പ്രതിപാദ്യ വിഷയം. പൌരാണികന്മാർ മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നായി പരിഗണിച്ചുവരുന്ന ഭഗവാൻ ഗൌതമബുദ്ധൻ 2500 കൊല്ലങ്ങൾക്കുമുമ്പ് ആൎയ്യാവൎത്തത്തിൽ ഉപദേശിച്ചുവിലയേറിയ അദ്ധ്യാത്മതത്വങ്ങളും ധൎമ്മരഹസ്യങ്ങളും സ്ഥാപിച്ച സംഘങ്ങളും ഭൂലോകം മുഴുവൻ ഇന്നു മിക്കവാറും എല്ലാ പരിഷ്കൃത മതങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉൽപത്തിസ്ഥിതികളെ ഏതെങ്കിലും പ്രകാരത്തിൽ പ്രേരിപ്പിക്കയോ, അല്ലെങ്കിൽ, അവയെ പോ

ഷിപ്പിക്കയോ പുലൎത്തുകയോ പരിഷ്കരിക്കയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിപ്പാൻ പാടില്ലാത്തതാകുന്നു. ബുദ്ധമതം ഇന്നും ലോകത്തുള്ള അനേകശതകോടി മനുഷ്യരിൽ മൂന്നിലൊന്നുഭാഗം ആളുകളുടെ വിശ്വാസാനുഷ്ഠാനങ്ങൾക്ക് ആധാരമായി പ്രചരിച്ചുകൊണ്ടിരിക്കയുമാകുന്നു. സിലോൺ, ബൎമ്മാ, നേപ്പാൾ, തിബത്ത്, ചൈനാ, മദ്ധ്യഏഷ്യാ, സൈബീരിയാ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ ഇപ്പോഴും, ബുദ്ധമതക്കാരാണ്. ഇന്ത്യയുടെ പലഭാഗങ്ങളിലുംതന്നെ ബുദ്ധഭക്തന്മാർ ഇപ്പോഴുമുണ്ട്. ആ മതത്തിലെ അത്യുൽകൃഷ്ടമായ അദ്ധ്യാത്മതത്വങ്ങളും സദാചാരപദ്ധതികളും. മനുഷ്യവൎഗ്ഗമുള്ള കാലംവരെ പണ്ഡിതന്മാൎക്ക് വ്യാഖ്യാനങ്ങൾ ജനിപ്പിച്ചുകൊണ്ടും, അനവധി ആത്മാക്കൾക്ക് സുഖസമാധാനങ്ങൾ നൽകിക്കൊണ്ടും എന്നേക്കും പ്രകാശിക്കുമെന്നുള്ളതുമാകുന്നു.

ഈ പരിഭാഷ ആരംഭിച്ചതു, 1903-ാമാണ്ടിടയ്ക്കായിരുന്നു. എട്ടു പുസ്തകങ്ങൾ അല്ലെങ്കിൽ എട്ടു കാണ്ഡങ്ങൾ അടങ്ങിയ ഈ ഗ്രന്ഥത്തിന്റെ ഒന്നാംകാണ്ഡം മിക്കവാറും പരിഭാഷപ്പെടുത്തിയതിനുശേഷം, ചില അസൌകൎയ്യങ്ങളാലും മറ്റുകാരണങ്ങളാലും പരിഭാഷ തുടരാൻ സാധിക്കാതെവന്നു. എന്നിട്ടു 10 കൊല്ലങ്ങൾ കഴിഞ്ഞു. 1913-ൽ വീണ്ടും തൎജ്ജിമ തുടങ്ങുകയും, അപ്പോൾമുതൽ "വിവേകോദയം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി തുടങ്ങുക

യും ചെയ്തു. ഇപ്പോൾ പുറത്തയയ്ക്കുന്ന ഈ രണ്ടുകാണ്ഡങ്ങൾ അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഭാഗങ്ങളെത്തന്നെ സംസ്കരിച്ചു പുസ്തകരൂപത്തിൽ ആക്കിട്ടുള്ളതാകുന്നു. ഇപ്രകാരം ഈരണ്ടു കാണ്ഡങ്ങളായി തുടർന്നുകൊണ്ടു് പ്രസിദ്ധപ്പെടുത്തി കാലതാമസമെന്നിയെ ഗ്രന്ഥം പൂർത്തിയാക്കാനാണു് വിചാരിക്കുന്നതു്.

ഇതിനിടയിൽ, "ബുദ്ധചരിതം" എന്ന പേരിൽ ഈ കൃതിയുടെ ഒരു ഗദ്യതർജ്ജമ കാണ്മാറാം, "ഏഷ്യയിലെവെളിച്ചം" അല്ലെങ്കിൽ "പൌരസ്ത്യദീപം" എന്നപേരിൽ മറെറാരു പദ്യതർജ്ജമയെപ്പററി കേൾപ്പാറാം, സംഗതിയായിട്ടുണ്ടു്. എന്നാൽ ഈ കിളിപ്പാട്ടു തർജ്ജമ മൂലത്തിലെ വൃത്തത്തിനും പ്രമേയത്തിനും ഏററവും യോജിച്ചതാണെന്നു തോന്നുകയാലും, ഈ മാതിരി ഒരു തർജ്ജമ ഇതുവരെപുറത്തു വന്നിട്ടില്ലാത്തതിനാലും, ഞാൻ ഇതിനെ പിന്തുടരുന്നതാണു്. തർജ്ജമയിൽ കിളിപ്പാട്ടിൻെറ സ്വാഭാവികമായ മാധുര്യത്തിനു ഹാനിവരാതിരിപ്പാൻ വേണ്ടത്ര സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ, അതുകൊണ്ടു് അർത്ഥത്തിൽ സാരമായ ഏതെങ്കിലും ഭേദഗതിവരികയോ, മൂലത്തിലെ കവിതാഭംഗിക്കോ രസത്തിനോ വൈകല്യം സംഭവിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ദൃഷ്ടിവച്ചിട്ടുമുണ്ടു്. തൽക്കാലം ഇതിലധികമൊന്നും പറവാനില്ല. കവിതാവിഷയമായ ഉദ്യമങ്ങളിൽ എന്നെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്ന ഗു

ണാകാംക്ഷികളായ പണ്ഡിതസ്നേഹിതന്മാരോടും പൊതുജനങ്ങളോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ടും, അവരുടെ ദയാപൂർവ്വമായ സ്വീകാരത്തെ ഈ അവസരത്തിലും സവിനയം പ്രതീക്ഷിച്ചുകൊണ്ടും ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം,
1915 സെപ്റ്റംബർ 5. } എൻ. കുമാരനാശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

ഒന്നാം കാണ്ഡം.

ഭഗവാൻ, ഭവമുക്തിദായകൻ, ബുദ്ധൻ തന്റെ-
ന്നിഗമമതാം ജയിച്ചീടുന്നു സർവ്വോത്തമം.

ജഗതീപതിസുതൻ വിശ്രുതൻ സിദ്ധാർത്ഥന
ജഗത്തിൽ മുനികളുമാരുള്ളൂ സമാനന്മാർ.

സർവ്വപൂജിതൻ സാക്ഷാൽ സർവ്വജ്ഞൻ സർവ്വോത്തമൻ
സർവ്വഭൂതൈക ദയാ വാരിധി തപോനിധി,

നിർവ്വാണത്തെയുമിഹ നിത്യമാം ധർമ്മത്തെയും
നിർവ്വാദമകമലിഞ്ഞരുളും ദിവ്യാചാര്യൻ,

ഭൂമിയിൽ മർത്ത്യരുടെ ഭാഗ്യത്താൽ വീണ്ടുമൊരു
സാമോദമവതരിച്ചീടേണ്ടകാലം വന്നു.

ദിവ്യമാമഭ്രഭൂമിതന്നുടെ താഴത്തതി
ഭവ്യന്മാർ വാണീടുന്ന നാല്പേർ ലോകേശന്മാർ;

ഭരിച്ചീടുന്നിതവർ മർത്ത്യലോകത്തെയവ-
രിരിക്കുന്നതിന്നു താഴുള്ള മേഖലകളിൽ

മരുവീടുന്നപരേതന്മാരായ് ഭൂ വെടിഞ്ഞ
പെരിയ തപോധനസത്തമരുകൾതാൻ.

തൃപ്തിനായിട്ടാണമഹാത്മാക്കളെല്ലാ
കെല്ലൊട്ടുമിരുന്നവതരിച്ചീടുന്ന വീണ്ടും.

ആ ദിവ്യ ഭൂമിതന്നിലതുകാലവുമന്നു
ഖേദംപോണതുളിയ ഭഗവാൻബുദ്ധനപ്പോൾ

കാണായിതവതാരചിഹ്നങ്ങളങ്ങും സ്വയം
ക്ഷോണിതൻ ക്ഷേമത്തിനായെന്നതേ പറയേണ്ടു.

വാനവരിതുകണ്ടു വീതസന്ദേഹമണ-
ഞ്ഞാനന്ദാകുല മരുളീടിനാരിപ്രകാരം:

ഭഗവൻ, ഭവാനിന്നു ലോകരക്ഷണത്തിനാ-
യഘനാശന! പോകമാറായിതറിഞ്ഞാലും.

അതുകേട്ടരുൾചെയ്തു സർവ്വജ്ഞൻ—"പോകുന്നു ഞാ-
നിതു താനെന്റെയന്ത്യമായീടുമവതാരം.,

ഇതിനാൽത്തന്നെ സംസാരാംബുധി കടന്നീടും
ഗതകല്മഷം ഞാനും മദ്ധർമ്മരതന്മാരും.,

ഉദ്ഗ്രാഹ്യമാം ഹിമാലയ ദക്ഷിണസാനുഭൂവിൽ
ശാക്യന്മാരുടെ കുലത്തിങ്കൽ ഞാൻ ജനിച്ചീടും;

യോഗ്യരാം ജനങ്ങളുമവിടെ വാഴുന്നിതു
ഭാഗ്യവാനായിന്നൊരു ധർമ്മിഷ്ഠൻ നരേന്ദ്രനാം."

ഇങ്ങനെയസ്സംവാദം നടന്നരാവിൽ തന്നെ
മംഗലാത്മാവാം ശ്രീശുദ്ധോദന നരേന്ദ്രന്റെ

മഹിഷി മായാദേവി കാന്തനൊത്തുറങ്ങുമ്പോൾ
മഹനീയമായൊരത്യത്ഭുത സ്വപ്നം കണ്ടാൾ.

കാമധേനുവിൻ നവ്യം പാലുപോൽവെളുത്തതി-
കോമളങ്ങളാമാറു കൊമ്പുകൾ പൂണ്ടമിന്നും

വാരണവീരൻ തന്റെ വടിവിൽദ്ദ്യോവിൽ നിന്നു
പാരമുജ്ജ്വലിച്ചൊരു നക്ഷത്രമതിശീഘ്രം

ചാരുവാം മാണിക്യത്തിൻച്ഛായ നൽമുത്തിൽചേർന്നു
ള്ളോരോമൽ കാന്തികളുമാറു രശ്മികൾ ചിന്നി

അന്തരിക്ഷത്തിലൂടെയെത്തി വരുന്നതു-
മന്തികമണവതും, ദക്ഷിണപാർശ്വത്തൂടെ

സ്വാന്തമാം ജഠരത്തിലായതു പൂകുന്നതും,
ബന്ധുരഗാത്രി കണ്ടാ; ളുണർന്നാളുടൻ തന്നെ.

മർത്ത്യമാതാക്കളാരുമോരാത്തോരത്യാനന്ദ-
മത്തരുണിയാൾക്കുള്ളിൽ കവിഞ്ഞുവഴിഞ്ഞിതു.

സത്വരം പരന്നിതു പുലർകാലത്തിനു മു-
മ്പെത്രയും മനോജ്ഞമാം പ്രഭയൊന്നെല്ലാടവും.

പെരിയപർവ്വതങ്ങൾ വിറച്ചിതപ്പോൾ പാരിൽ
തിരകളടങ്ങിയംബുധി നിശ്ചലമായി.

സരസംകാലത്തിതൾ വിരിയും പൂക്കളെല്ലാം
തരസാവിടൻ്റച്ഛായയാലത്തപ്പോൽ നിന്നു

ഇതളാർന്നോരു കാട്ടിനിടയിൽ ഭാനുമാൻ്റെ
കിരണം ചാരുകാന്തി കലർന്നു പരക്കുമ്പോൾ

നരനായകപത്നിയാൾക്കകതാരിൽ തിങ്ങും
പരമാനന്ദപൂരമൊഴുകി പുറത്താളുന്നം.

അതുമല്ലഹോ രസാതലവാസികളപ്പോൾ
മുദവായ് തമ്മിൽതമ്മിൽ മന്ത്രിച്ചുനീളെയേവം.

"ഇതുകേൾക്കവിൻ അറിച്ചീടേണം പ്രേതങ്ങളേ,
മൃതരാവാൻ പോകുന്ന ജീവിസഞ്ചയങ്ങളെ,

വ്യഥവിട്ടാശനിങ്ങൾക്കൈക്കൊൾവിൻ;നെഴുന്നേല്പിൻ;
പൃഥിവിയിങ്കലവതരിച്ചിതിന്നു ഭഗവാൻ".

ഇതുകേട്ടമേയമാമാശ്വാസമൊട്ടും പൊങ്ങി-
യതുലാമോദം ചരാചരങ്ങൾക്കകക്കാമ്പിൽ.

വിദിതമല്ലാത്തൊരത്യാനന്ദം നൽകുമാറു
മൃദുവാംകാറ്റുവീശിയൂഴിയിലാഴിയിലും.

അഥവന്നിതു പുലർകാലമപ്പോൾ സ്വപ്നാർത്ഥ
കഥകന്മാരാംവൃദ്ധരീവിധം വ്യാഖ്യാനിച്ചാർ.

"അതിശോഭനം സ്വപ്നം—കർക്കടകത്തിൽ ദിന-
പതിനില്ക്കുന്നു; ദേവി പെറ്റിടും കുമാരനെ;

അതിദിവ്യനാം പുത്രനവ നതുലതത്ത്വജ്ഞാന
നിധിയാം നിഖിലലോകത്തിനാം താങ്ങാമൊത്താൽ;

അജ്ഞമല്ലജ്ഞാനാന്ധകാരത്തിൽ നിന്നുയർത്തി-
ഗ്ഗതിനൽകീടും മർത്ത്യർക്കിങ്ങവ; നല്ലെന്നാകിൽ,

ക്ഷിതിമണ്ഡലമൊററ വെൺകൊററക്കുടയ്ക്കു കീഴ്
ഗതകല്മഷം കാക്കുമെത്രതാനിപ്പുമെങ്കിൽ."

അതിപാവനൻ ബുദ്ധൻ ശ്രീമായാജഠരത്തിൽ
പദമൂന്നിയ പുണ്യവൃത്താന്തമേവമല്ലോ.

കററവാർവേണി മായാദേവിയാൾ പിന്നെസ്സർഗ്ഗം
മുററി വാണീടുംകാലം തന്നുടെ സൌധത്തിന്റെ

മുററത്തു ചമതവൃക്ഷത്തിന്റെ കുളിർ നിഴൽ
പററിനിന്നതതെയൊരു ദിവസം മദ്ധ്യാഹ്നത്തിൽ

തുംഗമായ് ദേവാലയത്തിൻ കൊടിമരംപോലെ
ഭംഗിയിൽ വളർന്നൂർദ്ധ്വ ശാഖകളുള്ളതാം

മംഗളസ്നിഗ്ദ്ധമൃദുപല്ലവങ്ങളും ഹൃത-
ഭൃംഗങ്ങളായി മന്ദം പൂണ്ടെഴും പുഷ്പങ്ങളും

തിങ്ങിമിന്നുന്ന മണിമകുടശ്രീയെല്ലമ-
ശ്ശൃംഗത്തെമെല്ലെമെല്ലെയാനമിപ്പിച്ചു വൃക്ഷം,

ശൃംഗാരകുഞ്ജംപോലെ ദേവിയ്ക്കു തന്നാലേകാ-
നിംഗിതമറിഞ്ഞുടൻ താണിതു;—ചിത്രമല്ല;

ജംഗമസ്ഥാവരങ്ങളൊക്കെയും ജഗത്തിങ്കൽ
സംഗതിയറിഞ്ഞുതാൻ വാണിതമ്മുഹൂർത്തത്തിൽ.

ഭൂമിയുമുടൻ ബഹു പൂക്കളുൽഗമിപ്പിച്ചു
പൂമെത്തതീർത്തിതപ്പോൾ ദേവിക്കു ശയിക്കുവാൻ;

പ്രേമത്താൽ കരിങ്കല്ലുമൊഴുക്കി സ്വച്ഛോദക
സ്തോമത്തെയരുവിയായ് രാജ്ഞിക്കു നീരാടുവാൻ.

കോമളാംഗിയാം ദേവിയീവിധമത്ഭുതമെല്ലാ
മാമനസ്യം കൂടാതെ പെററിതുകുമാരനെ.

പൂർത്തിയായ് തിരുമെയ്യിൽ പൂണ്ടിരുന്നതേ പുത്രൻ
ദ്വാത്രിംശന്മഹാഭാഗ്യലക്ഷണചിഹ്നങ്ങളും.

വാർത്തയീവിധമെല്ലാം വിരവിൽ കേട്ടറിഞ്ഞു
ചീർത്തകൗതുകം പൂണ്ടു മന്നവനുടൻതന്നെ

പുത്രനെക്കൊണ്ടുപോരുവാൻ രമണീയ-
ചിത്രശോഭിതയായ ശിബികയയച്ചിതു്.

ചിത്രമെത്രയുമെന്നാൽ തിരികെയതുചുമ-
ന്നെത്തിയതന്നു ദിഗീശന്മാർ നാൽവരുമത്രേ.

പാരിലെക്കർമ്മങ്ങൾ ചെമ്പോലയിൽക്കുറിക്കുവോർ
മേരുവിന്നധിത്യകമേൽ നിന്നുപോന്നാരിവർ;

പൌരസ്ത്യദിക്പാലകനിന്ദ്രൻ രാജവസ്ത്ര
ധാരികളായിക്കരതാരിൽ മുത്തണിഞ്ഞുള്ള

ചാരുവാം പരിചകൾ കൈക്കൊണ്ടണഞ്ഞിതും പരി-
ചാരകന്മാരുമൊത്തു ശോഭിച്ചു മഹാഭാഗൻ.

ജംഭാരിമണിമയമാം പരിചയും പൂണ്ടു
ഡംഭമാർന്നീലാശ്വത്തിലേറിസഞ്ചരിച്ചീടും,

കുംഭിനിസ്വർഗ്ഗപാതാളങ്ങളിൽ പേർകൊള്ളുന്ന
കുംഭാണ്ഡരൊത്തു ദക്ഷിണാശേശൻ വിളങ്ങിനാൻ.

പിന്നെയപ്പശ്ചിമാശാപതിയുമേവം കയ്യിൽ
മിന്നുന്ന പവിഴത്തിൻ പരിചയേന്തിയെന്നും

ഉന്നതശോണഹയമേറിപ്പിന്തുടരുന്ന
പന്നഗവീരപരിവാരത്താൽ വിലസിനാൻ.

ഉത്തരദിഗീശ്വരൻ വിത്തേശൻ താനുമേവം
സ്വതന്ത്രം പൊൻപട്ടും പൊൻപരിചയും പൂണ്ടു

ബുധാഡംബരം പൊന്നിൻ കുതിരയേറിപ്പിമ്പേ
യെത്തീടുംയക്ഷഭടന്മാരോടും വിരാജിച്ചാൻ.

കണ്ടീടാവല്ലാത്തുള്ള മോടിപൂണ്ടവർ, വേഷം
കൊണ്ടല്ലുരുപ്പടികൊണ്ടും വാഹകസമാനന്മാർ,

അണ്ടർകോന്മാരാമിവർ തന്നെയപ്പല്ലക്കിന്റെ
തണ്ടുകൾ ചുമന്നുപോന്നാർ മഹാ തേജസ്വികൾ.

കണ്ടതയെന്ന്യേയന്നു മർത്ത്യരോടൊത്തങ്ങവർ
കണ്ടറിഞ്ഞീടും ചേർന്നു നടന്നു ദാനവന്മാർ,

വീണ്ടും ഭൂമിക്കുണ്ടായ ബുദ്ധാവതാര ഭാഗ്യം
കണ്ടുടൻ സ്വർഗ്ഗം ഹർഷാംബുധിയിൽ മുഴുകയാൽ.

എന്നാലതൊന്നും ഗ്രഹിച്ചീടാതെ ശുദ്ധോദന
മന്നവൻ ദുർന്നിമിത്തശങ്കയാൽ മാഴ്കീടിനാൻ.

അന്നേരം ദൈവജ്ഞന്മാർ ചിന്തിച്ചോതിനാർ നൃപ-
നന്ദനൻ ഭുവിലേറ്റം പ്രഥിതനാകുമെന്നും;

എന്നല്ലായിരത്താണ്ടു ചെല്ലുമ്പോളൊരിക്കലീ-
മന്നിടം പാലിക്കുവാൻ വന്നവതരിച്ചീടും

ചക്രവർത്തികൾ തന്നിലേകനാണെന്നും; സാക്ഷാൽ
ഉൽകൃഷ്ടങ്ങളാം സപ്തസിദ്ധികൾ കാണുമെന്നും.

ചൊല്ലുള്ളോരു സിദ്ധികളിൽ ചക്രരത്നമാണാദ്യം,
മൂല്യാതീതമാം മഹാ "രത്നം" രണ്ടാമത്തെതാം;

ഉൽകടാഹങ്കാരമന്തരത്തിലൂടെയോടും
ശീഘ്രഗാമിയാമശ്വരത്നമാംമൂന്നാമത്;

മഞ്ഞുപോൽ ധവളമായ് മന്നവനേറിപ്പോവാൻ
സഞ്ജാതമാകും ഹസ്തിരത്നമാം നാലാമത്;

കൃത്യകൗശലശാലി മന്ത്രീന്ദ്രനഞ്ചാമതാം;
പ്രത്യർത്ഥി ഭയങ്കരൻ സേനാനിയാറാമതാം;

പ്രത്യുഷസ്സിനെക്കാളു മതിമോഹനയായി
പ്രത്യംഗ സൌന്ദര്യത്താലസമാനയായെന്നും

ശുഭശീലയായ് തന്റെ ധർമ്മദാരത്വം പൂണ്ട
സുസ്ത്രീരത്നമാമേഴാമത്തേതുമറിഞ്ഞാലും.

അത്തരം ചിഹ്നങ്ങൾതന്നുത്തമാകാരനായ
പുത്രനിൽ കണ്ടപാരം തെളിഞ്ഞു ശുദ്ധോദനൻ,

അത്യന്തംജനാനന്ദകരമാം മഹോത്സവം
സത്വരംനഗരിയിൽക്കൂട്ടുകെന്നാജ്ഞാപിച്ചാൻ.

ഝടിതിവഴിയൊക്കെയടിച്ചും പനിനീരാ-
ലുടനെ തെരുവുകൾ നനച്ചും പൌരരെല്ലാം

കൊടികൾ വിളക്കുകളെന്നിവ വൃക്ഷങ്ങടെ
നെടിയകൊമ്പുകളിൽ തൂക്കിടാൻ തുടങ്ങിനാർ.

അറിഞ്ഞുകൌതുകമോടെ പൂണ്ടുകാണികൾ വന്നു
നിറഞ്ഞു കാഴ്ചകണ്ടു മിഴിച്ചുനിന്നാർ നീളെ.

വാൾപ്പയറ്റുകാർ,കായാഭ്യാസികൾ,കൺകെട്ടുകാർ,
നല്ലാമ്പാട്ടിക, ഊഞ്ഞാൽകളിക്കാർ, ഞാണേറുവോർ,

ആലോലമാനന്ദത്തിൻ താളംപോലിളകുന്ന
കാലിണകളിൽ കിലുങ്ങീടും കിങ്കിണിപൂണ്ടും,

ചേലെഴും കച്ചപ്പുറം കെട്ടിയുമാടീടുന്ന
ലോലാംഗിമാരാം വാരനാരിമാ, രെന്നുവേണ്ടാ,

കാലോളമംഗമെല്ലാം കരടിമാനിവററിൻ
തോലുടുത്തുടൻ വേഷം പകർന്നു തുള്ളീടുവോർ,

വ്യാഘ്രത്തെ മെരുക്കുവോർ, മല്ലന്മാ,രോരോ പക്ഷി-
വർഗ്ഗത്തെക്കൊഞ്ചിക്കുവോർ, കുഴലൂതുവോർ, പിന്നെ

ചട്ടററ മൃദംഗവാദകർ, വൈണികന്മാരു-
മൊട്ടല്ല ഹർഷം ജനങ്ങൾക്കേകി നൃപാജ്ഞയാൽ.

കേട്ടറിഞ്ഞഹോ കുമാരോത്സവം ദൂരസ്ഥരാം
ശ്രേഷ്ഠികൾ വാണിജ്യസമ്പന്നന്മാർ വന്നമോദാൽ,

ശ്രേഷ്ഠമാം കാണിക്കകളോരോന്നു നല്ല തങ്ക-
ത്തട്ടങ്ങൾ തന്മേൽ വാരി നിറച്ചു കാഴ്ച്ചവച്ചാർ.

കംബളം, സുഗന്ധദ്രവ്യങ്ങൾ, നൽപ്പട്ടുകൾ, സ-
ന്ധ്യാംബര കാന്തികോളും രത്നഭേദങ്ങൾ താനും,

പത്രങ്ങൾ ചേർന്നാൽപ്പോലുമൊന്നു മറയ്ക്കാത്ത സൂക്ഷ്മ-
തന്തുക്കൾ പൂണ്ട ലോലമാം മൂടുപടങ്ങളും

നൻമുത്തു നിരത്തി വച്ചഴകിൽ തുന്നിട്ടുള്ള
രമ്യകഞ്ചുകങ്ങളും, ചന്ദനഖണ്ഡങ്ങളും.

അത്രയുമല്ല പാരിതോഷികം സാമന്തന്മാർ-
പത്തനങ്ങളിൽ നിന്നും വന്നതേ ബഹുതരം.

ഋദ്ധികളേവം ജനം ബാലനു പേർ "സർവ്വാർത്ഥ-
സിദ്ധ"നെന്നേകി; സംക്ഷേപിച്ചു 'സിദ്ധാർത്ഥ'നെന്നും.

വന്നപ്പോൾ വൈദേശികന്മാരിലൊന്നൊരാൾ വൃദ്ധൻ
ധന്യനാം തപോധനനസിതനെന്നു പേരായ്;

മന്നിലെ വൃത്താന്തങ്ങൾ മറന്നും, ദ്യോവിലേക്ക
തന്നുടെ കണ്ണുങ്ങളെത്തുറന്നും മേവുംയോഗി.

താനെന്നുമിരിക്കുന്നോരരയാൽ വൃക്ഷത്തിൻ കീഴ്
ധ്യാനനിഷ്ഠനായ് വാഴ്കളവിൽ വെളിവായി.

വാനവർ ബുദ്ധാവതാരോത്സവത്തിങ്കൽ പാടും
ഗാനങ്ങൾ കേട്ടാനവനാകാശ മാർഗ്ഗത്തിങ്കൽ.

കെല്പാർന്ന തപസ്സാലുമേറിയ വയസ്സാലു-
മുജ്ജ്വലിതനാം പുണ്യരൂപനാം വന്ദ്യനാകും.

അപ്പുമാനന്തികത്തിലണഞ്ഞതു കണ്ടു
ക്ഷിപ്രമങ്ങൊരു വന്ദിച്ചിതതി ക്ഷിതീശ്വരൻ.

അപ്പോഴ് ദേവിതാനും കുട്ടിയെയൻപോടെടു-
ത്തപ്പവിത്രാത്മാവിൻറെ പാദാന്തത്തിങ്കൽ വച്ചാൾ.

അരസാ കുമാരനെക്കണ്ടു വൃദ്ധനാം മുനി
“അരുതേ, ദേവി, ഹന്ത! ചെയ്യരുതേവ”മെന്നാൻ.

പരമാവത്സ പാദകമലം തൊട്ടു യോഗി
ധരയിൽ വീണു നമസ്കരിച്ചു സാഷ്ടാംഗമായ്

അന്യചക്ഷുവിൽ പതിക്കാത്ത തൻ ദൃഷ്ടി ബാല-
ധന്യപാദത്തിൽ ചേർത്തുപിന്നെയും ചൊന്നാനേവം:

“നിന്നെക്കുമ്പിടുന്ന ഞാനോമനേ, നീയേ ബുദ്ധൻ;
നിന്നിൽ കാണുന്നു പാടലാഭമാം ജ്യോതിസ്സു ഞാൻ;

പാദപങ്കജത്തിലീരേഖകളെല്ലാവ്യ, മീ
മൂദ്രവല്ലികപോലെ പിണയും സ്വസ്തികവും,

അതിപാവനം മുഖ്യചിഹ്നം മുപ്പത്തു രണ്ടു,
മറ്റുമല്പ ചിഹ്നം കാണുന്നിതെൺപതുമേ.

നീ തന്നെ ബുദ്ധൻ; ധർമ്മരഹസ്യം ലോകത്തിനു
നീ തന്നെയുപദേശിച്ചീടുവാൻ പോകുന്നതും;

ആ ധർമ്മമറിഞ്ഞനുഷ്ഠിപ്പവർക്കെല്ലാം ഗതി
നീ തന്നെ നൽകുന്നതു;മീയുമേലൊന്നതു കാണ്മാൻ

യോഗമുണ്ടാകാത്തുന; മണയുമന്നമതു
വേഗ; മീ ദേഹത്യാഗം കാംക്ഷിച്ചു മുന്നമേഞാൻ.

ആകട്ടെ യെന്താകിലുമായതു; നിന്നെക്കാണ്മാൻ
ഹാ! കഴിഞ്ഞതുമതിനയെന്നോതിവീണ്ടും ചൊന്നാൻ:

അറികരാജൻ, വർഷമസംഖ്യം പോയാലൊരു
കുറിയീമർത്ത്യലോകമാം മരം തന്മേലുണ്ടാം,

അരിയപൂ മൊട്ടാണീയർക്കൻ; മെലിലിതു
അനസ്സാപരിന്നത കാന്തിയായ് വിടരുന്നോരം

കറയറ്റേലും ജ്ഞാന സൌരഭ്യം കൊണ്ടു ലോകം
നിറയും ദയാമകരന്ദ ബിന്ദുക്കൾ കൊണ്ടും.

സ്ഫുടമീ ബാലൻ രാജകലമാം തടാകത്തിൽ
വിടരും ദിവ്യമായ താമരയെന്നും ചൊല്ലാം.

ധന്യമായിന്നീകുല;—മെന്നാൽധന്യതപാരി-
ലന്യൂനമാണ്ടില്ല; യെന്നോതി, ദേവിയോടായ്

ഭവ്യകാത്മാവാംയോഗി പുനരുത്തരം ചെയ്താൻ:
അറിവിതക്കം ഹാ! രാജ്ഞി,ഭിന്നമായ്തീർന്നിതിപ്പോൾ

ഭവതിയുടെ കുക്ഷി, കേവലം കുമാരന്റെ
യവതാരത്താൽ, ഖഡ്ഗപാതത്താലെന്നപോലെ.

പ്രിയയായ്തീർന്നല്ലേ! ദേവർക്കും മനുഷ്യർക്കും
സ്വയമീ മഹാവതാരം കൊണ്ടു നീ, യെന്നാലും

അധമേൽ ദുഃഖമനുഭവിയാതാകും വണ്ണ-
മതിപാവനയായും തീർന്നിതിന്നാകയാലേ

വ്യഥകൂടാതെയേഴു നാൾകളുള്ളിൽ നിനക്കെത്തും
വ്യഥതന്നന്തം;—ഹന്ത! സംസാരം ദുഃഖം ദേവി,."

അതുപോൽ സംഭവിച്ചിതു; ഴാന്നാളപരാഹ്ന-
മതിൽ മന്ദസ്മിതം പൂണ്ടുറങ്ങിമായാദേവി.,

അതുപിന്നുണർന്നില്ല; ഹൃഷ്ടയായ് ദേഹംവിട്ടു
പ്രഥിതം മുപ്പത്തിമൂന്നാം സ്വർഗ്ഗപദം ചേർന്നാൾ.

അവിടെ ദിവ്യമാതൃസ്ഥാനത്തിൽ ദേവഗണ-
മവളെയാരാധിച്ചു സേവിച്ചു നിൽപ്പിതിന്നും.

പുനരർക്കൻ തന്നെപ്പോലാരുവാൻ ധാത്രിയായാ-
ളനവദ്യാംഗി, രാജ്ഞിയാം മഹാ പ്രജാവതി;

ഷന്നകാരുണ്യാമൃതമൊഴുകും മൊഴികളാ-
ലനിശം വിശ്വം കുളൎപ്പിക്കുന്ന സുഗതന്റെ

ആനന്ദാധാരങ്ങൾക്കു മഹിതപയസ്സേലും
സ്തനമേകിനാളവൾ സദയമെന്നേ വേണ്ടു.

വത്സരം കഴിഞ്ഞു പിന്നെട്ടു; കൃത്യജ്ഞൻ നൃപൻ
വത്സനെ രാജകുമാരോചിതമാകും വണ്ണം

അദ്ധ്യയനം ചെയ്യിപ്പാൻ ചിന്തിച്ചാൻ മുമ്പറിഞ്ഞോ-
രത്യന്ത വിചക്ഷണനാകും ബാലികതയിലേ

ബുദ്ധന്റെ ദിവ്യമാഹാത്മ്യങ്ങളും ഗുണങ്ങളും
ബുദ്ധിയിൽ നിറച്ചതിൽ വൈമുഖ്യമാകയാലേ.

അഥ തന്നമാത്യന്മാർ നിറഞ്ഞ സദസ്സിങ്കൽ
പൃഥിവീപതി ചിന്തിച്ചിവിധം ചോദ്യം ചെയ്താൻ:

അതിമാന്യരേ, രാജപുത്രന്നാറിവുകളും
വിതതകലാജാലമെല്ലാമെൻ കുമാരനെ

വിധിപോലുപദേശിച്ചീടുവാൻ വിദഗ്ദ്ധനാം
പ്രഥിത പണ്ഡിതേന്ദ്രനാരെന്നു പറഞ്ഞാലും.

അതിനന്തരമവരേവരുമൊന്നായ് ചൊന്നാർ
"ക്ഷിതിപമണേ! വിശ്വാമിത്രൻതാൻബുധശ്രേഷ്ഠൻ,

ശ്രുതിപാരീണൻ, ശാസ്ത്രനിഷ്ണാതൻ, കലകളി-
ലതുലൻ; നന്നല്ലതി വിദഗ്ദ്ധനെല്ലാററിലും."

പിന്നെ വിശ്വാമിത്രനെവരുത്തി നിയോഗിച്ചു
മന്നവൻ; കുമാരനാം ശുഭമാം മുഹൂർത്തത്തിൽ,

സുന്ദര രത്നരാജി ചുറ്റവും മിന്നുന്ന രക്ത
ചന്ദനപ്പലകയും ചെറുകൈത്താരിലേന്തി,

സ്ഫാടികമൃദുപാംസുവിരിച്ചുള്ളതിൽ, മറ്റേ–
യേടലർ കരംതന്നിലെഴുത്തു കോലുമായി

അമ്പോടു മുനീന്ദ്രന്റെ മുമ്പാകെ വന്നമുഖം
കമ്പിച്ചു നിന്നീടിനാൻ; നല്പാഠമോതിനാൻ മുനി.

"എഴുതിയാലുമുണ്ണി, ഗായത്രീ—ദ്വിജാതികൾ–
ക്കൊഴികെ കേൾക്കാവല്ലാത്തുള്ളൊരാ വേദമന്ത്രം."

വഴിയെ പിന്നെ "ഓം തത്സവിതുർവ്വരേണ്യാ"ദി
മൊഴികളുപദേശിച്ചീടിനാൻ ക്രമത്താലെ.

"ന്റാദരമെഴുതുന്നോൻ സദ്ഗുരോ,"യെന്നുചൊല്ലി
യൊട്ടും വൈകാതെ ബാലൻ പൊടിമേലെഴുതിനാൻ

ഒരു ഭാഷയിലല്ല, രണ്ടിലല്ലഹോ! മന്ത്രം
തരസാ ബഹു ലിപി ഭേദത്തിൽ പകർത്തിനാൻ.

"മംഗല","പുരുഷ""യാവാ"ദി വർണ്ണങ്ങൾ തന്നിൽ
മംഗലശീല നെഴുതീടിനാൻ; നന്നുപോലെ,

ചിത്രഭാഷയിൽ ചീനഭാഷയിൽ താനും, ഹൂണാ–
വർത്തികൾ സമുദ്രവാസികൾ പാതാളത്തുള്ള

നാഗോപാസക, രഗ്നി സൂര്യപൂജകന്മാർ, ഗിരി
വനപ്രവാസികളിവർക്കുള്ള മുദ്രകളിലും;

എന്നല്ലയോരോ രാജ്യ വാസികൾക്കുള്ള ഭാഷാ
വൃന്ദത്തിലോരോന്നിലു മെഴുതി കുമാരകൻ;

വായിച്ചാൻ പിന്നെമറ്റാ ഭാഷകളെല്ലാററിലു.,-
മായതുകണ്ടു മുനി "പോരുമിതുണ്ണീ"യെന്നാൻ.

"ഇനി നീ കണക്കുകൾ പഠിക്ക; ചൊൽവനെ, ന്നോ-
യന്നാവർത്തിച്ചു ലക്ഷംവരെ യോതുക"യെന്നായ്

സംഖ്യകളൊന്നു, രണ്ടു, മൂന്നു, നാലി,ത്യാദിയു-
മങ്കങ്ങൾ പത്തു, നൂറാ,ടായിര മിത്യാദിയും

ചൊല്ലിനാൻ വിശ്വാമിത്രൻ; ബാലനതുപോലെ
നില്ലാതെ ലക്ഷംവരെത്തുടർന്നു ചൊല്ലീടിനാൻ.

പിന്നെയും ചൊന്നാൻ മന്ദസ്വരമായ് മേല്പോട്ടുള്ളോ-
രന്യസംഖ്യാ സ്ഥാനങ്ങൾ കുമുദത്തോളം ബാലൻ.

'ഗന്ധിക' 'ഉല്പല'വും 'പുണ്ഡരീക'വുമവൻ
ഹന്ത! പിന്നതിന്മേലാം 'പത്മ'വുമെണ്ണീടിനാൻ.

അതിസൂക്ഷ്മമായ് 'മേരുഗിരി'യെപ്പൊടിച്ചീടി-
ലതിൻെറ പാംസുവെത്ര, യത്രയാണത്രേ പത്മം.

അതിനപ്പുറം കാഴ്ചയാകുന്നു—രാവിൽദ്യോവിൽ
വിതതമായ താരജാലത്തിൻ സംഖ്യയതാം.

കോടികാഷ്ഠയാകുന്നിതപ്പുറ—മാഴികളിൽ
പാടേ തങ്ങിടുന്ന നീർത്തുള്ളികളത്രയാം പോൽ.

വസ്തുലവസ്തുക്കൾ താൻ സംഖ്യയിൽ പ്രസിദ്ധമായ്
വർത്തിക്കും സർവ്വനിക്ഷേപാദ്യത്യ—ങ്ങളെ പാർക്കിൽ

വിസ്തൃതയായ ഗംഗയ്ക്കടിയിൽ തരിമണ
ലെത്ര യുണ്ടെന്നെണ്ണീടുകി, ലത്രയാകുന്ന പോലും.

ഇതിനപ്പുറത്തുള്ള സംഖ്യയാണന്തകല്പ—
മിതുതാൻ പത്തുകോടി കൂടിയാലുണ്ടാമത്രം.

അതിനുമേലു മങ്കമെന്നു നിപുണന്മാർ,
പ്രഥിതമസംഖ്യമെന്നു;—രുയാകുന്ന പോലും,

പതിനായിരത്താണ്ടു ഭൂമിയിൽ മുടങ്ങാതെ
യതിഘോരമായ് പെയ്യും മാരിയിൽ നീർത്തുള്ളികൾ.

അപ്പുറം മഹാകല്പ—മതിനാൽ ദേവഗണം
തള്ളുതരാവി കാലഘട്ടങ്ങളെണ്ണീടുന്നു.

എന്നതു കേട്ടു "മുനി ഹാ! മഹാത്മാവേ, നൃപ
നന്ദന, യിവയൊക്കെ നീ യറിഞ്ഞിരുന്നിതേ!.

നന്നായിതി;നി ദൈർഘ്യമാനാദി ഗണിതങ്ങ—
ളിന്നു ഞാൻ പറഞ്ഞറിയേണ്ടതില്ലല്ലോ" യെന്നാൻ.

വിനയം പൂണ്ടു വീണ്ടും ചൊന്നാൻ ബാലകൻ ഇതേ,
കനിവാർന്നതു കേട്ടു കൊണ്ടാലും; കഥിക്കുന്നേൻ:

പരമാണുക്കൾ പത്തുകൂടിയാൽ പരസൂക്ഷ്മം;
പരസൂക്ഷ്മങ്ങൾ പത്തു കൂടുമ്പോൾ ത്രസരേണു;

പരമേഴതു ചേർന്നാലുണ്ടാകും സ്ഫുടം സൂര്യ
കിരണങ്ങളിൽ പരിവർത്തിക്കുമൊരു രേണു.

അരിയൊരാരേണുക്കളെട്ടു പിന്നെയും ചേർന്നാൽ
ശിരികമുഖരോമാഗ്രത്തിന്റെ പരിമാണം.

അതു പത്തുചേരുമ്പോൾ ലിക്ഷമാം; പത്തുലിക്ഷ-
മതുചേരുമ്പോൾ യൂകമാം; യൂക പത്തുചേർന്നാൽ;

യവബീജത്തിൻ കാമ്പാ;മെട്ടു ചേർന്നാൽ വണ്ടി-
ന്നാവലംഗമാം; മറ്റു പിന്നെയും ചൊന്നാനേവം

മുട്ടുസപ്പ മുൽഗ യവങ്ങൾ; യവംപത്താ
മതുപിന്നൊരംഗുലം; പന്ത്രണ്ടംഗുലങ്ങളാം

വിതസ്തി; ഹസ്തം ഗജച്ചാപങ്ങൾ പിന്നെ മേൽമേ-
ലതിന്നൊക്കെയും മേലാം പ്രാസമാം ദീർഘമാനം.

പ്രാസങ്ങളിരുപത്തു കൂടുന്ന ദൂരമേക-
ശ്വാസമാനമാം; മൊരു ശ്വാസത്താൽ ഗമ്യമതും.

അതു നാല്പതു ചേർന്നാൽ ഗവ്യൂതി; ഗവ്യൂതിനാ
ലതു ചേരുന്നതാണ് യോജന;മിനി ദൂരം,

ഒരു യോജനയുള്ളിലു സൂര്യരശ്മിയിൽ കാണും
ചെറുധൂളികളെത്രയെന്നും ചൊല്ലുവനെന്നായ്

വിതതാന്തൻ യോജനാന്തരാളത്തിലെത്ര
പരമാണുക്കളെന്നും പറഞ്ഞാൻ സ്പഷ്ടം ബാലൻ.

അതു കേട്ടുടൻവീണു വണങ്ങി കുമാരനെ
വിധുരഭാവമോടും ചൊല്ലിനാൻ വിശ്വാമിത്രൻ:

ഗുരുക്കന്മാർക്കും ഗുരുവല്ലോ നിന്തിരുവടി;
ഗുരുവല്ലവിടേക്കു ഞാ;നെന്റെ ഗുരുവങ്ങാം.

പണ്ടിവൻ നിന്നെ മോഹനാകൃതേ, കുമാരാ, നീ
യണഞ്ഞു ഞാനെന്റെ മുമ്പാകെ വിദ്യയെല്ലാം

ഒന്നൊഴിയാതെ ഗ്രന്ഥമൊന്നും താൻ പഠിയാതെ
തന്നത്താൻ സർവ്വമറിയുന്നോനറിയിപ്പാൻ.

എന്നാലീ വിദ്യകളെയൊക്കവേ പോലെയുള്ളിൽ
നന്നായ് നീ വിനയാഢ്യഗുണവുമറിയുന്നു.

അത്യന്തമീ വിനയം ഭഗവാൻ ബുദ്ധദേവൻ
നിത്യവും കാട്ടി ഗുരുക്കന്മാരിലെല്ലാരിലും,

വിദ്വാന്മാരവരൊക്കെയറിയുന്നതിൽ കവി-
ഞ്ഞതത്രയും തനിക്കു വിജ്ഞാനമുണ്ടെന്നാലുംതാൻ.

മൃദുഭാഷിയാണവൻ പണ്ഡിതനെന്നാകിലും.
മൃദുശീലനാം രാജഗാംഭീര്യമേറുകിലും.

വിനയം ബഹുമാനം കൃപയുമാർന്നാൻ ബാലൻ
ജനങ്ങളോടുത്തുംഗക്ഷത്രിയൻ താനെന്നാലും.

യുവരാജാക്കൾ ചേൎന്നു മോടിയിൽ നായാടുമ്പോ-
ളവനെക്കാൾ ധൈൎയ്യമാൎന്നോടിച്ചീലശ്വമാരും.

കളിച്ചു പോരാടുമ്പോൾ മുററത്തുയുവാക്കൾ തേർ
തെളിച്ചീടുന്നതിലുമവനെ വെന്നീലാരും.

എന്നാലും ബാലൻ വേട്ടയാടുമ്പോളുഴറിക്കിടി
നിന്നുപോം മോദേപ്പ്രാകം മൃഗത്തെയെയ്യീടാതെ;

എന്നപ്പോലെതിരെന്ന പന്തയം വിട്ടീടും
തന്നുടെയശ്വമോടിത്തളൎന്നു തേടിയെന്നാൽ;

എന്നുമല്ലിളയകുമാരന്മാരിലാൎക്കെങ്കിലും
പിന്നാത തോൽവികൊണ്ടു കണ്ടാലും മത്സരത്തിൽ;

അല്ലെങ്കിൽ ചിന്താശീലനവനാമൂലത്തിൽ സ്വയം
വല്ലാത്തൊരൗത്സുക്യംതോന്നിയാലുമങ്ങനെ നില്ക്കും.

കാലങ്ങൾ പോകന്തോറും പിന്നയീയന്തകമ്പാ-
ശീലവും കുമാരനോ വൎദ്ധിച്ചിതുൾത്തടത്തിൽ,

മാലകററുന്ന തണലേകുവാനായും രണ്ടു
ലോലപല്ലവം പൂണ്ടു വളരും വൃക്ഷംപോലെ.

ഉണ്ണിയാമവനെന്നാൽ ദുഃഖവും വേദനയും
കണ്ണീരുമെന്താണെന്നതറിഞ്ഞീലൊരിക്കലും

മന്നവരൊരുനാളുമറിയപ്പോകാത്തതായ്
മന്നിലുള്ളതിന്റെയോ നാമങ്ങളെന്നല്ലാതെ.

അക്കാലമൊരു ദിനം നൃപന്റെയുദ്യാനത്തിൽ
പുഷ്കലമായ പുഷ്പകാലത്തിൽ പറന്നെത്തി

ചൊൽക്കൊള്ളും ഹിമാലയം നടുവിൽ തിങ്ങുംകളള
നൽകുലായങ്ങളും നോക്കിപ്പോകുമൊരന്നക്കൂട്ടം.

മഞ്ഞുമൂടീടുമമ്മാമലതൻതടത്തൂടെ
യഞ്ജസാ പ്രണയരാഗങ്ങളും പാടിപ്പാടി

രഞ്ജിച്ചു തമ്മിൽ പ്രേമനിരതരായ് വെളുത്തൊരു
മഞ്ജിമകോലുന്നൊരപ്പക്ഷികൾ പറക്കുമ്പോൾ,

സത്വരംനോക്കി വില്ലു കുലച്ചു ശരമെയ്യാൻ
സിദ്ധാർത്ഥപിതൃവ്യനന്ദനനാം ദേവദത്തൻ.

അംബുധിപോലെ നീലവർണ്ണമായ് തടവറ്റൊ-
രംബരവീഥിതന്റെ നടുവേ ഭയമെന്യേ

അൻപോടു തൂവലെല്ലാം പരത്തിപ്പാറുന്നൊരു
മുമ്പേപോമന്നത്തിന്റെ ചിറകിലേറ്റു ബാണം.

ചെമ്പട്ടുപോലെ ചാടും ചോരയാൽ വെള്ളത്തൂവൽ
സന്ധ്യതിവിവർണ്ണമായ് തറച്ചശരമോടും

പാരിലപ്പക്ഷി വീണു; തൽക്ഷണം കണ്ടുമന-
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു

കാലിന്മേൽ കാൽവെച്ചിരുന്നങ്കത്തിലണച്ചുടൻ
ചാലവേ മന്ദം തലോടീടിനാൻ ദയാന്വിതൻ;

ചിന്നിയ തൂവലുകൾ തടകി യൊതുക്കിനാൻ;
നന്നൂന മിളകുന്ന നെഞ്ചിടി യടക്കിനാൻ;

പിന്നെ നല്ലിളംവാഴത്താളുപോൽ തണുത്തുള്ള
തന്നുടെ സസ്നേഹമാം കോമളകരാഗ്രത്താൽ

അതിനെ ലാളിച്ചൊട്ടൊരാശ്വാസം നൽകീട്ടുടൻ
സദയമിടംകയ്യാൽ പക്ഷിയെത്താങ്ങി സ്വയം

അതിതീക്ഷ്ണമാം ശരം മുറിവിൽ നിന്നുമെല്ലെ
വ്യഥതോന്നാതെയൂരിയെടുത്തു വലം കയ്യാൽ,

അതിരോപണമായ മധുവും തണുത്തുള്ള
മൃദുപല്ലവങ്ങളും വെച്ചു കെട്ടിനാൻ ക്ഷതം

എങ്കിലും വ്യഥയെന്തെന്നേതുമേയറിയാതെ
ശങ്കതേടീട്ടു ശരാഗ്രം കൊണ്ടു കൈത്തണ്ടിന്മേൽ

കഞ്ചുകമാന്റെ കുട്ടി കൊത്തിനോക്കിനാൻ; നട-
നത്തുനൽകീട്ടും ലജ്ജയറിഞ്ഞു പിന്നെയവൻ

ചൊരിഞ്ഞ കണ്ണീരോടും ഹന്ത! പക്ഷിയെ വീണ്ടും
തിരിഞ്ഞുനോക്കിയാശ്വസിപ്പിച്ചാൻ പലവിധം;

അക്ഷണമൊരാളോടി വന്നുചൊല്ലിനാ "നൊരു
പക്ഷിയെയെയ്തു വീഴ്ത്തിയതസ്മാമി നൃപാത്മജൻ,

ഇപ്പനിനീർപ്പൂവാടികക്കുള്ളിലായിതന്നെ,
യിപ്പോഴായതു വീണു; തിരുമേനിയോടുടൻ

കല്പനവാങ്ങിയെടുത്തതിനെക്കൊണ്ടുചെല്ലാൻ
മൽപ്രഭു കല്പിച്ചിതു; പക്ഷിയെ നൽകുകല്ലി?

"ഇല്ലഞാൻ തരികയില്ലിതിനെ, പക്ഷിയിതു
ചെല്ലേണ്ടതാകാം, കൊന്നോരാൾക്കാൻ മരിച്ചെ

ജീവിച്ചു വാണിടുന്നിതിപ്പോഴിമ്മരാളം [ങ്കിൽ
ധാവള്യമേറിടുന്നോരിതിന്റെ പക്ഷങ്ങളിൽ

ദേവകൾക്കുള്ളപോലെ തങ്ങുമാകാശഗതി
കേവലം ധ്വംസിച്ചുവെന്നേയുള്ളു മത്സോദരൻ"

ഈ വിധമകമലിഞ്ഞോതി സിദ്ധാർത്ഥനാടൻ
ദേവദത്തനും സ്വയമെതിരുത്തരം ചൊന്നാൻ;

കാട്ടിലെ ജന്തു ജീവിച്ചിടിലും മരിക്കിലും
വേട്ടയിലാരുവീഴ്ത്തി യപ്പോളതവന്റേതാം;

ഒട്ടൊരാൾക്കുള്ളതല്ലായിരുന്നി താകാശത്തിൽ;
തിട്ടമെന്നമ്പേറ്റിങ്ങു വീഴ്കയാലെന്റേതിപ്പോൾ;

പരിചിലെനിക്കിന്നു സിദ്ധിച്ചതെനിക്കുതാൻ
തരിക;—നീതിനിഷ്ഠനല്ലോ സോദര ഭവാൻ.

ഭഗവാനാടനരയന്നത്തിൻ കഴുത്തുതൻ
സുകുമാരമാം കവിൾത്തടത്തിൽ ചേർത്തുകൊണ്ടു

പറഞ്ഞാൻ സഗൗരവം "ചൊല്ലുതതീവണ്ണമി-
പ്പറവയെനിക്കുള്ളതാകുന്നു ധരിച്ചാലും.

പരമാം കൃപകൊണ്ടും സ്നേഹപ്രാഭവംകൊണ്ടും
ധരയിലവൻറതാകുമസംഖ്യ സന്താനങ്ങളിൽ

ഇതുതാനൊന്നാമത്തേതായതു്;–മെനിക്കിന്നു–
മതിയിൽ ബോധമുളവാകുന്നു മർത്യർക്കതാൻ

കരുണാശീലമുപദേശിക്കമെന്നും, പാരിൽ
പരമഭയങ്കരഹിംസയെത്തടുത്തുടൻ

നരലോകത്തിനല്ല, കേവലം നാവില്ലാത്ത
ചരജാതികൾക്കുംവേണ്ടിസദാചിക്കയോഗ്യമെന്നും.

നൃപനന്ദനനോതിനിവും തർക്കമെങ്കിൽ,
സപദിധരിപ്പിക്കപണ്ഡിതന്മാരെക്കൊണ്ടും.

അവർ കല്പിക്കുംപോലെകേൾക്ക നാമെ"ന്നുടൻ
നൃവരനന്തന്നിൽ നടന്നു വാദമതും.

ചിലരൊന്നോതി; മററുചിലപേർ മറെറാന്നോതി;
പലരും പലതേവമുരച്ചോരു മധ്യത്തിങ്കൽ

അവരിലൊരുമറിഞ്ഞിടാത്തഭിക്ഷുവേക–
നവിടെയെഴുന്നേററു ചൊല്ലിനാനിപ്രകാരം.

"ജീവിതമൊരുശൂന്യവസ്തുവെന്നിരിക്കിലോ
ജീവിയുമതിനെ രക്ഷിച്ചവനല്ലതത്രേ;

കൊല്ലുവാൻതുടങ്ങുന്നവനല്ലതല്ല;വൻ ജീവ–
നല്ലലും നാശവുമുണ്ടാക്കുന്നു; ലാളിപ്പോരനോ,

നല്ലപോലതിനെ രക്ഷിക്കയാണു;ഇമ്മൂലം
കില്ലകന്നീയന്നത്തെയവനാനൽകീടണം"

വിധിയിതെല്ലാവർക്കും സമ്മതമായി; നൃപ
നതിമോദത്തോടുമമ്മുനിയെ സമ്മാനിപ്പാൻ

തേടുമ്പോഴും കണ്ടീലാ;–നാലുവഴിപ്പടംവിട്ടു–
ത്തോടിപ്പോയൊരു നൃപനന്ദിനെയൊരാൾകണ്ടു.

ദേവന്മാർ വേഷം പകർന്നീടുമാറുമ്പോലു–
മീവിധം.—ബുദ്ധൻപിന്നെ തന്നിഷ്ടസിദ്ധിച്ചതാ–

മന്നാളെയതിൻ വൃത്തത്തോടു പേരവാൻ വിട്ടു
ധന്യനായ് മയാകൃത്യമിങ്ങനെയാരംഭിച്ചാൻ.

എന്നാലാദ്യം നാം പൊറുക്കാനായി മാടുംപോയ
വന്യഹംസത്തിനായി വേദനയെന്നിയാതെ

അന്യ ദ്വാരങ്ങളറിഞ്ഞീടാനായ് കൈനോട്ട
മന്നവൻപിന്നൊരു നാളിലങ്ങുമതം ചെയ്യാൻ:

വരികയായ്ക്കണ്ണിൽ, പുതുവസന്തകാലത്തിന്റെ
പരമാനന്ദമതി കാൺകെടോകമാരാ നീ.

വിളങ്ങിടുകളെല്ലാം കൃഷിക്കാരെന്നതുപോലെ–
യളവില്ലാതവണ്ണം സമ്പത്തു നൽകുന്നതും;

തെന്നലളന്നേഖഗികാളുമ്പോഴും നിൻറതാമി–
ധരണിസമൃദ്ധിയാൽ പ്രജയെപ്പോറ്റുന്നതും;

നരനാഥനാമെന്റെ ഭണ്ഡാരം നിറെപ്പതും.
വരിക കാൺക; യെത്രരമ്യമീയൃതുവോർത്താൽ,

പുതിയ പല്ലവങ്ങൾകൊണ്ടും, തോട്ടങ്ങൾതോറു-
മതിഭാസുരങ്ങളാം പുഷ്പങ്ങൾകൊണ്ടും, ഭൂവിൽ

വിതതമായ പച്ചപ്പുല്ലുകൾകൊണ്ടും നിലം
സതതമുയർന്നകോലാഹലംകൊണ്ടുമിപ്പോൾ.

ഇങ്ങനെയവർചൊല്ലി നൃപനാകുമാരനാ-
മങ്ങാതു കുളങ്ങൾ തോട്ടങ്ങളും നിറഞ്ഞെഴും

ഒരടിക്കിലെ ഗോപുരാഗ്രത്തിലായെഴുന്നള്ളി.
നിരപ്പേകൊഴുത്ത ചെമ്മണ്ണുമണ്ട് ഭൂമിയിൽ

തോളിന്മേലുകളാൽ ഞെരിഞ്ഞിടുന്ന നുകമേന്തി
കാളകൾ വലിച്ചിതുകരിയെ മേലും കീഴും;

മെല്ലിച്ചകലപ്പതൻ പിന്നാലെന്തിങ്ങനിതാ-
ന്നോളം പോൽകൊഴുത്തമണ്ണിളകിമറിഞ്ഞിതു.

പൊങ്ങുന്ന കോൽമരത്തിന്മീതെ പാദങ്ങൾകൊണ്ടും
സാധിപ്പിച്ചിതു ജലത്തെഴുവാഴുവുകാർ.

പാനകൾ കവുങ്ങുകളിവതൻ നടുവൂടെ
മുനങ്ങി മെല്ലെ മെല്ലെയൊഴുകീ കൈത്തോടുകൾ.

ഭംഗിയിൽ തോട്ടിന്നിരുകരയും വാച്ചുനിന്ന
തെങ്ങണംപുല്ലു പൊലവക്കിലെക്കരകൾപോൽ

എത്രയുമുത്സാഹം പൂണ്ടൊരുക്കം നിലംതോറും
വിത്തെറിഞ്ഞൊട്ടുജനം നിന്നു വേറൊരു ദിക്കിൽ.

കാടുകളെല്ലാം കൂടുകെട്ടീടും പറവകൾ
പാട്ടുകളൂഴം പൊട്ടിച്ചിരിക്കുംപോലെ തോന്നി;

അഴകൊന്നെഴും വനാന്താരംഭം കണ്ടുമോദം
വഴിയും പള്ളി, തേനീച്ചകൾ, വണ്ടുകൾ, പിന്നെ-

യിഴജന്തുക്കളെന്നിച്ചെറുജീവികൾ തൻ
മുഴുവൻ കുറ്റിക്കാടും മുഖരമായിതെങ്ങും.

മാവിൻ തോട്ടത്തിലൊന്നിൽ നിന്നുമറ്റൊന്നിൽക്ഷമാ
താവുന്ന മഞ്ഞക്കിളി പറന്നു മിന്നൽ പോലെ. (൫൦

ചെമ്പുകൊട്ടിപോൽ പച്ചപ്പുല്പ്പുറ്റുമലപറ്റി
ചെമ്പോത്തുവാലൻ ശബ്ദം മുഴക്കി മടിയെന്യേ.

പറന്നിതിച്ചുതിന്നും പക്ഷികൾ നീലച്ചോപ്പു
നിറംപൂണ്ടെഴും പൂമ്പാറ്റകളെയോടിച്ചെന്നും.

തറയിൽ വിരണ്ടോടി യണ്ണാക്കണ്ണന്മാർ; തീറ്റി
ചിറകവിതിർത്താന്നു പെറുക്കി മൈനാക്കിളി.

കുരുവിക്കൂട്ടം ചിലച്ചിരുന്നു മുൾച്ചെടിമേൽ;
കരുതിക്കുളത്തിന്മേൽ പറന്നു മീൻകൊത്തികൾ.

നടന്നു പോർത്തുകളോടൊത്തൊന്നു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുറ്റിത്തിരിഞ്ഞു പരുന്തുകൾ.

ചിത്രശില്പങ്ങളുറന്ന കോവിലിൽ പുറംചോല-
മെങ്ങും പീലികൾ നീട്ടിപ്പറന്നു മയിലുകൾ.

നീലവണ്ണം തേടിയ മാടപ്രാവുകൾ തണ്ണീർ-
ച്ചോലകൾതോറും തങ്ങിയിരുന്നു മൂളീമന്ദം.

ഊരിലുമെല്ലാത്ത വിവാഹോത്സവങ്ങളിലതി-
ദൂരത്തു കേൾക്കമാറായ് വാദ്യഘോഷങ്ങൾതാനും.

ഇങ്ങനെ കാണുന്നതും കേൾപ്പതും വിളിച്ചോതി-
യെങ്ങുമേ സമൃദ്ധിയും ക്ഷേമവുമെന്നു തന്നെ.

കണ്ടിതൊക്കെയും നൃപനന്ദനനകതാരിൽ
പൂണ്ടിതേ; പാരംമോദമുടനേ യെന്നാകിലും

വീണ്ടും ഗാഢമായോർത്തു വിശദമാം പനിനീർപ്പൂ-
ന്തണ്ടിന്റെ താഴത്തുള്ള മുള്ളുകൾ പാർത്താനവൻ:

കൂലിക്കുവേണ്ടി വിയർപ്പൊഴിഞ്ഞു കൃഷിക്കാരൻ
വേലചെയ്തീടുന്നതും വയറുപോററാൻ നിത്യം;

എരിയും വെയിലൂടെ വലിച്ചു കലപ്പയെ
വിരവിൽ പോകായ്കയാൽ, വിറഞ്ഞകണ്ണേലുന്ന

മാട്ടിന്റെ മിനുത്ത പുറത്തുകളെ വീർപ്പുറങ്ങളിൽ
ചാട്ടകൊണ്ടൊരാൾ കന്നിനെയാണിയേ തല്ലുന്നതും;

പല്ലിയെ ... ശിക്ഷിക്കുന്നതും; പാമ്പു
പല്ലിയെപ്പിടിച്ചു തിന്നുന്നതും; മററന്യം

പതംഗത്തിന്നിരയായിത്തീർന്നീടുന്നതും; പിന്നെ-
കുളത്തിൽ മീൻ കൊത്തികൊത്തീടുന്ന മത്സ്യത്തെ പ്രാ

പ്പിടിയൻ പാഞ്ഞുചെന്നിട്ടവന്റെ കൊക്കിൽനിന്നു
ഝടിതി റാഞ്ചിക്കൊണ്ടു പറന്നു പോകുന്നതും;

അരിയ ചിത്രശലഭങ്ങളെയെല്ലാം ചെറു
കുരുവിക്കൂട്ടങ്ങൾ കൊല്ലുന്നതും; മറ്റവയെ

കരുണകൂടാതതുപോലെ താൻ കടന്നെത്തി
തരസാ പെരുമ്പുള്ളു വേട്ടയാടീടുന്നതും.

ഒന്നിനെയൊന്നു കൊന്നീടുന്നതു, മുടനെ മ
റ്റൊന്നിനതു മിരയാവതുമിതുപോലെ,

മരണം ജീവിതത്തെ പ്പോറ്റീടും പ്രകാരങ്ങ
ളൊരുപോലവൻ കണ്ടാനവിടെ യെല്ലാടവും.

പുഴുക്കൾ തൊട്ടു മനുഷ്യാന്തം ജന്തുക്കൾതമ്മി-
ലൊഴിയാതേവം യുദ്ധനാടകമതിഘോരം,

ഗൂഢമായ് താൻകാണും മാവസന്ത കാലത്തിന്റെ
മോടിയാം തിരശ്ശീലയ്ക്കകത്തു നടിപ്പതും;

പാരാതെപിന്നെയിവയെല്ലാകെ വൈരിയാം നരൻ
പോരാടിത്തന്റെ സമസൃഷ്ടിയെ കൊല്ലുന്നതും;

കൊറ്റിനായുഴവതും കർഷകൻ, ക്രൂരൻനൊന്തു
മുറവും തോളടി പൊട്ടിക്കലപ്പ വലിപ്പതും;

ജീവിതമാകും പോരിൽ ജന്തുക്കൾ ഞെരുങ്ങുവ-
തീവിധം കണ്ടു നെടുവീർപ്പിട്ടു നൃപാത്മജൻ

ചൊല്ലിനാ:— "നിത്യതാനോയിതു ഞാൻ കണ്ടിടേണ്ട
ചൊല്പെഴും സുഖാവഹമായൊരു ലോകം കഷ്ടം!

എത്രയുമലയുന്നു ഖേദമേലിയ കൃഷിക്കാരർ;
എത്ര കഷ്ടപ്പെടുന്നു പാവങ്ങളെരുതുകൾ;

നേർത്തുശക്തരും ശക്തിഹീനരും തമ്മിൽ ജീവ-
യാത്രയിൽ ചെയ്തീടുമിപ്പോരല്ലോ ഭയങ്കരം.

ആകാശത്തിലുമെന്തൊരക്രമം നടക്കുന്നു!
പൂകവാനാണോ വല്ല ശരണം വെള്ളത്തിലും?

പോകനാമിനി സൂതാ, ചെന്നൊരു മരക്കീഴി-
ലാകെ ഞാൻ ചിന്തിക്കട്ടെ ഇവയിൻ വിശേഷങ്ങൾ."

ഇങ്ങനെ യന്തൃക്കു ചൊല്ലി ഭഗവാൻ ശാക്യസിംഹ-
നങ്ങൊരു ഞാവൽമരത്തണലിലണഞ്ഞുടൻ

ഭംഗിയിലിരുന്നു വീരാസനംബന്ധിച്ചുകൊ-
ണ്ടിങ്ങു നാം കാണാവുള്ള ബുദ്ധവിഗ്രഹംപോലെ.

ചിന്തിച്ചാനവൻ ഗാഢം പിന്നയീ സംസാരമാം
സന്തത മഹാവ്യാധിയെങ്ങിനെ യുള്ളതെന്നും,

എന്തൊരു നിദാനത്താലുളവായെന്നു, മിതി-
ന്നന്തമുണ്ടാക്കീടുവാനെന്തുള്ള മരുന്നെന്നും.

മനതാർ വിള്ളുമാറു കവിഞ്ഞിതവന്നപ്പോൾ
തനിയേ ജന്തുക്കളിൽ സ്നേഹവും കാരുണ്യവും.

പുനരിങ്ങവയ്ക്കുള്ള ദുഃഖങ്ങൾ നീക്കീടാനൊ-
ന്നവ്യോപായം കാണാത്തതെറിയിലുൾക്കണ്ഠയും.

ഇത്തരം ശുഭവിചാരങ്ങളാൽ ഞെരുങ്ങുന്ന
ഹൃത്തടം വിട്ടവന്റെ ചേതന പൊങ്ങിവേഗം

മർത്ത്യന്റെ മലിനമാമിന്ദ്രിയ മാനസങ്ങൾ
കൈയെത്താതൊരാനന്ദാനുഭൂതിയിൽ ചെന്നുനിന്നു.

സർവ്വവന്ദ്യനാം ബുദ്ധനിങ്ങനെ ധ്യാനമെന്ന
നിർവ്വാണ മാർഗ്ഗത്തിന്റെ യൊന്നാം കല്പടയേറി.

ഉന്നങ്ങളു വഴി പോകുമ്പോൾ വിണ്ണിൽമാർഗ്ഗം
തടഞ്ഞു തങ്ങിനിന്നാരഞ്ചുപേർ ദേവർഷിമാർ,

സ്ഫുടമായെത്തു ദിവ്യതരശക്തിയാൽ തങ്ങ-
ളിടയിൽത്തടഞ്ഞുനിൽക്കുന്നതെന്താശ്ചര്യത്താൽ.

ദേവന്മാരൊന്നുമല്ലോ ദിവ്യവൈഭവമേറും
പാവനാത്മാക്കൾ വാഴും പുണ്യദേശവും സ്വയം.

അതിനാൽ താഴോട്ടവർ നോക്കുമ്പോൾ വൃക്ഷത്തി
ഴതിപാടലപരിവേഷത്താൽ ശോഭതേടി [ൻകീ-

ഗതിലോകങ്ങൾക്കേകാൻ ദീക്ഷിച്ചുനൽധ്യാനത്തിൽ
സ്ഥിതിചെയ്യുന്ന ബുദ്ധദേവനവർതന്നെ കണ്ടാർ.

"അറിവിനിതുതന്നെ നിർവ്വാണം നൽകുന്നോരാ-
നിറഞ്ഞിവനെ വന്ദിച്ചീടുവിൻ ഋഷിമാരേ."

സ്ഫുടമിങ്ങനെയൊരു വാക്യവും ഞാവൽക്കാവി-
ന്നിടയിൽനിന്നുപുറപ്പെട്ടു തൽക്ഷണം സ്വയം.

ഉടനേയദ്ദിവ്യതേജസ്വികൾ ചെന്നുകണ്ടു
വടിവിൽക്കൈകൾകൂപ്പിവന്ദിച്ചു ഭഗവാനെ,

പടുതയോടും ദിവ്യസ്തോത്രവും പാടിപ്പോയവർ
ഝടിതിദേവന്മാർക്കീവൃത്താന്തമുണർത്തുവാൻ.

പിന്നെമദ്ധ്യാഹ്നകാലംകഴിഞ്ഞുപടിഞ്ഞാറെ-
ക്കുന്നിന്മേൽച്ചെന്നു സൂര്യനെത്തിയസ്തമിക്കുവാൻ;

എന്നിട്ടും കുമാരനെക്കാണാഞ്ഞു ബദ്ധപ്പെട്ടു
മന്നവനയച്ചോരു പൂരുഷന്മാരുടൻ,

അപ്പോഴും ധ്യാനത്തിൽനിന്നിളകാതങ്ങുതന്നെ
യപ്പൈതലിരിപ്പതുകണ്ടാർ; ഒന്നല്ല കാവിൽ

മറ്റുവൃക്ഷങ്ങൾക്കെഴും ഛായകൾ മുട്ടുവിട്ടു
മുറ്റും ദൂരത്തിൽ നീണ്ടുപോകിലും സായാഹ്നത്തിൽ

ചാഞ്ഞെഴും സൂര്യരശ്മിതാനുമത്യന്തമേ
ചാഞ്ഞുടൻ തിരുമെയ്യു ബാധിച്ചീടാതവണ്ണം

നിഷ്ഠയിൽ ബാലനിരുന്നരുളുംദിക്കിൽനിന്നാ-
ണൊട്ടുംഞാവലിൻ നിഴൽ നീങ്ങീടാതതുംകണ്ടാർ

അത്തുമല്ലൂരത്തിന്നഗ്രത്തിൽ നിറഞ്ഞെഴും
പുത്തുപ്പൂന്നിരകൾതന്നിടയിൽനിന്നപ്പോൾ
“സ്ഥിതിചെയ്യട്ടേ ഞാൻ പനന്തളങ്ങളിങ്കൽ
പതിഞ്ഞ ദുഃഖമായ പൊരോളമിങ്ങുതന്നെ;
അത്തുപഥ്യനാം ഞാനെൻ ഛായയുമവർതന്മേൽ
പതിപ്പിച്ചീടു”മെന്നീവാക്യവും കേട്ടു ചിത്രം·

ഒന്നാം കാണ്ഡം സമാപ്തം.

ശ്രീബുദ്ധചരിതം.

രണ്ടാം കാണ്ഡം

കാലങ്ങൾ പോയീ, വയസ്സു പതിനെട്ടു
ചാലേ തികഞ്ഞു കുമാരനനന്തരം.

ചേലാർന്നുദാരം സുഖാവാസമായ മൂ-
ന്നാലയം നിർമ്മിപ്പതിന്നു മഹീപതി

കല്പിച്ചിതഃ അതിലൊന്നു ഹേമന്തത്തി-
ലുല്പന്നമാം ശീത ബാധയേല്ക്കാത്തതായ്

ശില്പത്തൊടും ശിലാ ദേവദാരുക്കളാൽ
കല്പിതമായുള്ള നല്ല കൊട്ടാരമാം.

മറ്റൊന്നു—നേരേ മറിച്ചതി ശീതമായ്
മുറ്റുമേ വേനലിൽ ചൂടുബാധിക്കാതെ,

ഉള്ളിൽ ചുവന്ന സിരകൾ വിളങ്ങുന്ന
വെള്ളക്കളുർ ശിലയാൽ തീർത്ത ഹർമ്മ്യമാം.

ചുട്ടറ്റ ചെമ്പകം പൂക്കാൻ തുടങ്ങുമാ-
വൃഷ്ടികാലത്തിൽ വിത തുടങ്ങീടുമ്പോൾ

ഇഷ്ടമായ്ത്താഴ്വാൻ നീലമാം മേടമേ-
ന്നിഷ്ടികയാൽ തീർത്ത സൌധമാം മറ്റേതും.

ഉഷ്ണിയോടും മൂന്നൻ പോകമിരുന്നിട-
മിട്ടാൻ, ഗ്രീഷ്മം, സൌമ്യം, ശൈത്യമെന്നമേ.

ചന്തം കലരുന്ന ചെമ്പരുന്നാലെയ്ത്തുഴി-
മന്ത്രികം ചുറ്റുമായിളങ്ങി പൂവാടികൾ;

നല്ലനിറത്തൊട്ടു സാരമാം തോട്ടങ്ങൾ
മെല്ലെയൊഴുകിയ വിസ്തീർണ്ണമൊട്ടേറെയും.

ചിത്രമാകും കളിത്തേരുകളുമൊന്നു
പുൽത്തറയും പൂഞ്ചോലകളിടയെങ്ങുമേ

കസ്തൂരിതന്മണമാർന്ന മാൻകൂട്ടങ്ങൾ
മെങ്ങും വനങ്ങളിൽ ശോഭിച്ചു ദൂരവരെ.

സിദ്ധാർത്ഥനോരത് കുമാരക നാനാ ന-
മദ്ധ്യത്തിലെന്നുമേ വാണു വിലാസിയായ്

ഊഴങ്ങളങ്ങനെ പോകിനാനിപ്പൊപ്പോൾ
നായികതോറും നവവിനോദങ്ങളാൽ.

സൌഖ്യമായ്ത്തന്നെ കഴിഞ്ഞു ദിവസമ-
ശ്ശാക്യകുമാരന്നു ദിനം തികയുമ്പോൾ

ശ്ലാഘ്യമാമോജസ്സുകൂടിയ യൌവന
മുഖ്യദശമുത്തുന്നേറിവരികയാൽ

എങ്കിലും മുമ്പാൎന്ന ചിന്ത ചിലനേര-
മങ്കുരിച്ചീട്ടുടൻ മങ്ങുമേ തന്മനം,

കാട്ടുമുകിലിൻനിഴൽവീണടിക്കടി
പാടേയിരുളും തടാകജലംപോലെ.

മന്നവനായതു സൂക്ഷിച്ചു കണ്ടുടൻ
തന്നുടെ മന്ത്രിമാരോടരുളിച്ചെയ്താൻ:

മാന്യ മതികളേ! പണ്ടസിതാഖ്യനാം
ധന്യതപോധനനെന്നോടു ചൊന്നതും,

എന്നുടെ സ്വപ്നാൎത്ഥവേദികൾ ചൊന്നതും
സന്നസന്ദേഹമറിഞ്ഞതല്ലോ നിങ്ങൾ.

എൻപ്രാണനേക്കാൾ പ്രിയമേറിയേറുമീ-
യെൻ പൈതലെങ്ങും ബഹുമാന്യനാകണം;

പററലർ തൻതലയൊക്കെ മിതിച്ചവ-
നൊററവെൺകൊററക്കുട ധരിച്ചീടണം;

മന്നവർമന്നനാകേണമെൻ നന്ദനൻ;-
നെന്നകക്കാമ്പിലുണ്ടിച്ചൊന്നതൊക്കെയും.

അല്ലെങ്കിൽ, നിസ്സാരനായ് നിജസൌഖ്യവു-
മില്ലവും വിട്ടവൻ ഭിക്ഷുവായ്പോകണം;

വല്ലാത്ത കഷ്ടതപം ചെയ്യുന്നു;—മതിൽ
വല്ല ഫലം വരുമെന്നാരറിയുന്നു?

നല്ല കാര്യാർത്ഥങ്ങൾ കണ്ണിലിരിപ്പവ-
യെല്ലാംകളഞ്ഞു പിന്നെന്തു ലഭിപ്പതും?

കേൾപ്പിനെന്നാലും കുമാരനതിൽത്തന്നെ
താൽപര്യ്യ മേറിവരുന്നെന്നു തോന്നുന്നു;

സൌഖ്യ മേകുന്നൊരെൻറ സൌധങ്ങളുള്ളിൽ വൈ-
മുഖ്യമാർന്നാണവൻ വാഴ്വതിന്നമേ.

എങ്ങനെ യായാലവൻറ മനം തിരി-
ഞ്ഞിങ്ങു നൃപയോഗ്യമായ വഴിക്കുതാൻ

ഇംഗാളിമാനം പ്രവേശിച്ചുരാജ്യവു-
മിംഗിതം പോലെ തിരിപ്പുരുമിക്കെല്ലാം

രാജാധിരാജനായ് വാണവൻ നിത്യമ-
വ്യാജമാക്കീട്ടു മദ്ദൈവങ്ങളെ മാഷിതം;

എന്നോടതിന്നൊരുപായമോതീടുവിൻ
ധന്യരേ, പണ്ഡിതവൃന്ദരല്ലോ നിങ്ങൾ.

എന്നതുകേട്ടങ്ങവരിൽ വയോധികർ
ചൊന്നാർ:—മഹീപതേ പുത്രനചിന്തയിൽ

തോന്നും ചെറിയൊരീ വൈരാഗ്യ വൃത്തികൾ
തീർന്നുപോം സ്ത്രീകളിൽ പ്രേമമുദിക്കുകിൽ.

എണ്ണമൊന്നില്ലാത്ത വത്സൻറചിന്തമാ-
മുണ്ണിമത്സ്യത്തെ യൊരായാസമെന്നിയെ

പെണ്ണുങ്ങൾ തൻമിഴിത്തെല്ലും കടമിഴി
കണ്ണുകൾ വീശിപ്പിടിക്കാമറിക നീ.

ചന്തമേറും സ്ത്രീജനങ്ങൾ തൻ വൈഭവ-
മെന്തറിയുന്നിതിപ്പോഴും കിടാവിവൻ.

സ്വർഗ്ഗവുംകൂടി മറക്കുമാറാക്കീടു-
മക്കടാക്ഷത്തിൻ മഹിമയും, ബാലകൻ

മാൻകണ്ണിമാർ തൻവദന മലരിലെ-
ത്തേൻ കുഴമ്പിന്നെഴും സ്വാദുമറിയുമോ?

ആകയാൽ വേഗമതി സുകുമാരിക-
ളാകും കുമാരികമാരെ മാമങ്ങളായ്,

സുന്ദരിമാരാം പ്രിയ തോഴിമാരൊട്ടും
നന്ദനനേകുക നന്ദ മഹീപതേ.

പിച്ചളച്ചങ്ങല കൊണ്ടൊരാൾ പൂട്ടാത്ത
മെച്ചമേറും മനമാം മദയാനയെ

പിച്ചയായ് പൂങ്കുഴൽ നാരകൊണ്ടിങ്ങൊരു
കൊച്ചുകരിമുകിൽ വേണിയാൾ കെട്ടുമേ.

എല്ലാവരുമിതു നല്ലതെന്നോതിനാർ.
ചൊല്ലിനാനിങ്ങനെ പിന്നെയും മന്നവൻ:

വല്ലഭമാരെക്കുമാരനു വേണ്ടി നാം
വല്ലവരും തിരഞ്ഞാൽ പരാതിയാവുമോ?

നല്ലനുരാഗികൾ തങ്ങടെ കണ്ണുകൊ-
ണ്ടല്ലോ തിരയൂ പ്രണയിജനങ്ങളെ.

ഇന്നിളമാൻമിഴിമാരായ പൂക്കളെ-
യൊന്നായ് നിരത്തിമലർ വാടിയാക്കിനാൻ

“ചെന്നിഷ്ടമാം പുഷ്പമുണ്ണിയെടു”ക്കെന്നു
ചൊന്നാലുമേതും രസമറിയുന്നയാൾ

മന്ദംചിരിച്ചവൻ കന്യാപുഷ്പങ്ങളി-
ലൊന്നിനെയും തൊടാതങ്ങൊഴിഞ്ഞിതന്നേരം.

ശങ്കിച്ചു മന്നവൻ ചൊന്നതു കേട്ടു ദീ-
ർഘകമായ് മറ്റൊരു മന്ത്രി ചൊല്ലീടിനാൻ

വൻകണ്ണുയർത്തുമ്പോളുമേ മഹാസിംഹവും,
തൻകാട്ടിലോടി നടക്കും നരപതേ.

മറവുന്നല്ലോർ തൻ മനം പോലെവേതന്നെ
പാറും കുമാരന്റെയുള്ളം മോഹത്തിയിൽ;

ഉറ്റവരാംവർക്കെല്ലാരോമനയാം മുഖം
മുറവുമവനാടൻ സ്വർഗ്ഗമായ് തോന്നമേ,

ചാലേയത്തുമല്ല കാണുമവൻ നിജ-
ലോലയാം പൂമേനിയാളുടെ മേനിയിൽ

ചേലിയലും കിഴക്കേട്ടിക്കതിൽ പൂവർ
കാലത്തെഴുംഭംഗിയെക്കാളുഴകമേ.

ആകയാലിങ്ങനെ ചെയ്യുക ഭൂപതേ:
വൈകാതെയങ്ങിങ്ങൊരുത്സവം ഘോഷിക്ക;

നാട്ടിലെക്കന്യകമാരെയപ്പ്രാമതിൽ
കൂട്ടുക; പന്തയം വച്ചു നൃപാത്മജൻ

ശ്ലാഘ്യമാം പ്രായമഴകുമുണ്ടാം നല്ല
ശാക്യവർഗ്ഗത്തിൻ നിറനാതങ്ങളെന്നിതിൽ

ആൾക്കെല്ലാം കാണുമതെന്നു പരീക്ഷിച്ചു
ഉള്ളക്കകളാൽ കൊടുക്കട്ടെ സമ്മാനവും

പന്തയരംഗത്തിൽ ജയിച്ചീടണ-
ച്ചന്തമെഴും പൊരുപൊൻകൊടിമാരവർ

തന്തിരനോടിങ്ങനൊന്നു വാഗ്വതി-
നന്തികളൂടെ കടന്നു പോയീടുമ്പോൾ

സ്വാന്തമനോജ്ഞ ഭാവം കൊണ്ടുവരുന്നതും
സ്വാന്തമിളക്കിയവളാരെന്നാലും

ചിന്തയാൽ നോട്ടമെച്ചുമാ മുഖാംബുജത്തി-
ലെന്തെങ്കിലും ഭാവഭേദമുണ്ടാകുകിൽ

പന്തിയായിങ്ങു വീക്ഷിച്ചു കണ്ടുപോ-
ന്നന്തരം ക്രൂരാത്മണത്തിനിടെ ചിലർ.

അങ്ങനെയായാൽ പ്രണയമവർക്കവർ
തങ്ങളിൽ കണ്ടുളവായെന്നും വരും.

ഇങ്ങനെ വഞ്ചിച്ചു തൻതിരുമേനിയെ
സ്സംഗമിപ്പിക്കാം വിഷയ സുഖത്തിലും.

അങ്ങനു ബോധിച്ചിതെല്ലാർക്കു മാകയാ-
ലങ്ങനെ തന്നൊരു തീയതി കല്പിച്ചു;

കേളിയേറും കന്യകാജനമൊക്കെയ-
ന്നാളിൽ നരേന്ദ്രന്റെ നാലുകെട്ടിന്നുള്ളിൽ

മേളിക്കുവാൻ കല്പനയെന്നു ഘോഷകർ
നീളെ നടന്നു വിളിച്ചറിയിച്ചിതു:

ലീലാർത്ഥമായൊരു മേളനമു, ണ്ടതിൽ
ബാലികമാർക്കു കയ്യാൽ കൊച്ചുതമ്പുരാൻ

നല്ല സമ്മാനങ്ങൾ നൽക; മതിവരെ
നല്ലവൾക്കെത്രയും നല്ലതു നൽകിടും;

എന്നുമറിവിച്ചു; കൊട്ടാരവാതുക്കൽ
വന്നുനിരന്നിതിളമാൻ മിഴിമാരും.

കാർമുകിൽക്കൂന്തൽ പിരികെക്കെട്ടിയും, നല്ല
വാർമിഴിയിൽ പുത്തനായ് മയ്യെഴുതിയും,

ബന്ധുരഗാത്രിമാർ വന്നു നീരാടിയും.,
ഗന്ധമണിഞ്ഞു പൂമാലകൾ ചൂടിയും.

ചിത്രതരങ്ങളാം പൂഞ്ചേലകൾ നല്ലൊ-
രുത്തരീയങ്ങളും ചാർത്തിയും കന്യമാർ

മൈലാഞ്ചിയാൽ ചുവപ്പിച്ചും കരമലർ
കോലരക്കിൻ ചാറണിഞ്ഞുമടികളിൽ,

ബാലേന്ദുവൊക്കുന്ന ഫാലദേശത്തി-
ലോലമാം പൊട്ടുകൾ പൂണ്ടും വിളങ്ങിനാർ.

ശ്ലാഘ്യമാമാറുടനിങ്ങനെ കൂടിയ-
ശ്ശാക്യനഗരിയിലെക്കൊച്ചുപെണ്ണുങ്ങൾ,

ചേണാർന്നൊരാസ്യം കുനിച്ചും, മിഴികളാൽ
ക്ഷോണിയെ നോക്കിയുമക്കുമാരാന്തികം

നാണം കലർന്നു നടന്നടുക്കുന്നതു
കാണേണ്ടകാഴ്ച താനില്ലൊരു സംശയം.

അഞ്ചിതതിരുമുമ്പാണന്നു നേരത്താറെ
നെഞ്ചിടിയാൽ തളർന്നീടിനാർ കന്യമാർ,

രാജപ്രഭാവത്തിലും വലുതായൊരു-
വ്യാജമാഹാത്മ്യം കുമാരനിൽ കാൺകയാൽ.

എന്നാലകതാരിലത്ര വികാരങ്ങ-
ളൊന്നുമില്ലാതെയും, ശാന്തനായും സ്വയം

മന്നവനന്ദനൻ വാണാൻ കുമാരിമാർ
മുന്നിലണവതു താൻ ഗണിയാതെയും.

പിന്നെയവരിലോരോരോ കൃശാംഗിയും
തന്നുടെ തന്നുടെ സമ്മാനമേകവേ

വെമ്പിക്കുമാരനെ നോക്കാതെ യാനനം
കമ്പിട്ടുനിന്നു കൈനീട്ടി വാങ്ങീടിനാൾ.

മന്നവന്മാർ കൊതിക്കത്തക്കസൌന്ദര്യ-
മന്യാദൃശം കണ്ണാരത്തിയിൽ കാണികൾ,

നന്നായവളെ യഭിനന്ദനം ചെയ്കിൽ,
വന്നതരുണീയും രാജകുമാരന്റെ

യമ്പോന്നു തിരികെത്തൊടാൻ പേടിയായ്, ഭയ
കമ്പമിയന്നൊരു മാൻപേടപോലവെ,

മുമ്പിൽഭ്രമിച്ചൊന്നനിവൃതെന്നിട്ടുപോയ്,
മുമ്പേഗമിച്ചവരോട്ടുതാൻ കൂട്ടമേ;

അത്ഭുതദിവ്യതപവു, മത്ഭാഗ്യത്വവു,-
മത്തനൊത്തഴ്ത്തുമാത്മമാഹാത്മ്യവും

അത്യുല്ലാസങ്ങൾ തന്നിൽതോന്നീടുംപടി
ശുദ്ധോദനസുതൻ ശാന്തൻവിളങ്ങിനാൻ.

ആരോമൽ മേനിമാ,രപ്പൂമുഖകന്നൊ-
ടാരാമഭൂവിൽ വിലസുന്ന പുഷ്പങ്ങൾ,

ഓരോരു പെൺകൊടിമാരത്തിങ്ങനെ
ചേരുമാറായ് ചെന്നു കൂട്ടമായ്, കൂട്ടമായ്.

മെന്മേഘമാലപോലെ വന്നണഞ്ഞീടിനോ-
രമ്മോഹനാംഗിമാർ തൻകൂട്ടമൊക്കവേ

ഇമ്മാതിരിയവസാനിച്ചു;തീൎന്നിതു
സമ്മാനമായ വിലപെരുംദ്രവ്യവും.

അപ്പൊഴുതാരാൽ നടന്നണഞ്ഞീടിനാ,-
ളുല്പലലോചന ബാലയശോധര;

അപ്പൂവൽമേനിയെ കണ്ടുഭഗവാനു
കെല്പ്വിട്ടെന്നു നടുങ്ങീ തിരുവുടൽ.

അന്തികവാസികൾ കണ്ടാരതു;മഹോ!
എന്തൊരുദിവ്യ വനിതാകൃതി യിവൾ!

ചാൎവ്വംഗിതൻ നടപ്പിൻ പ്രൌഢിയാൽ സ്വയം
പാൎവ്വതിതാനവളെന്നു തോന്നീടുമേ;

ക്രീഡയിൽകാമിച്ചിണയെ നോക്കുന്ന മാൻ
പേടക്കുവൾക്കും മിഴിയഴകൊന്നുതാൻ.

ഓമലാൾ തൻമുഖത്തിന്മോഹനാഭയെ
ഹാ! മൊഴികൊണ്ടു വാഴ്ത്താവതല്ലാതുവന്നാം.

നെഞ്ചത്തഴകിൽ പിണച്ചു കൈ കെട്ടിയും,
ചഞ്ചാത്ത കണ്ണുനാലും കനിക്കാതെയും

മഞ്ജുമണഞ്ഞവൾ മന്ദം കുമാരന്റെ
യഞ്ചിതമാം മുഖമഞ്ചാതെ നോക്കിനാൾ.

"കൊഞ്ചിയിനിക്കു സമ്മാനമില്ലേ?" യെന്നു
തഞ്ചമായ് ചോദിച്ചു പുഞ്ചിരി തൂകിനാൾ

"എല്ലാമൊടുങ്ങി സമ്മാനമെന്നാകിലും
വല്ലായ്മവേണ്ട നിനക്കതിലോമലേ,

നല്ലൊരു നമ്മുടെയിന്നഗരത്തിലെ
നല്ലാർയശസ്സിന്റെ നാമ്പേ, ഭവതിക്കു

തോർത്താം വേറൊരുപായനം" മെന്നടൻ
സ്വാന്തമോദത്തോടരുളി നൃപാത്മജൻ,

സ്വന്തകണ്ഠത്തിൽ കറുകനാമ്പിൻകാന്തി
ചിന്തിവിളങ്ങും മരതകമാലയെ

താനതന്നൊയ്യഴിയെടുത്തു, തിരൈക്കുള്ളാൽ
കാന്തികാളും മണിയൊക്കെ യോജിപ്പിച്ചു,

കെട്ടിക്കൊടുത്താൻ കുമാരൻ കനിവൊട-
പ്പുട്ടാത്ത മേനിയാൾ തന്നരക്കച്ചമേൽ;

നോട്ടങ്ങൾ തമ്മിലിടഞ്ഞിതവർക്കടൻ
പെട്ടെന്നതിൽ നിന്നുദിച്ചു പ്രണയവും.

ഏറെവർഷങ്ങൾ കഴിഞ്ഞുപിന്നെ, ജ്ഞാന-
മേറിബ് ഭഗവാനഖിലജ്ഞനായനാൾ,

ക്രൂറിയലും ചിലർ ചോദിച്ചി, തച്ചരു-
കാരണിവേണി കശസ്സൂണ്ടയസ്സുവേ

തന്നിരുവുള്ളത്തിലെന്തനുരാഗമാം
വന്നിതടിത്തി പിടിച്ചതെന്നിങ്ങനെ.

ചിന്തിച്ചു ചൊന്നാൻ ഭഗവാനനുത്തരം:
ചിന്തയിലെന്തു സാദൃശ്യം, ഞങ്ങളും

മോഹമാർന്നോർത്തപോലന്യോന്യമോരാത്ത–
ദേഹികളല്ലായിരുന്നു സ്വയം ഞങ്ങൾ.

എങ്ങനെയെന്നതും കേൾപ്പിനെന്നായുടൻ
മംഗളാത്മാവരുൾചെയ്തു പുരാവൃത്തം:

പണ്ടുപണ്ടേറയുഗങ്ങൾക്കുമുമ്പു, പേർ–
കൊണ്ട കാളിന്ദിതന്നതടഭൂമിയിൽ,

ഉന്നതമായുള്ള നന്ദദേവാഖ്യമാം
കുന്നിന്റെ താഴ്‌വരതന്നിലടവിയിൽ,

പ്രായമൊക്കും പൊൻകിടാങ്ങളുമൊത്തൊരു
നായാടിതന്മകൻ കേളിയാടീടിനാൻ.

അന്തിക്കവട്ടം ചുഴന്ന മുയലുകൾ
ചന്തത്തിൽ മണ്ടിക്കളിക്കുന്നതുപോലെ,

ഉത്സാഹമുൾക്കൊണ്ടു ദേവദാരുക്കൾ തൻ
നൽസാന്ദ്രമാം നിഴലാർന്ന നിലങ്ങളിൽ,

തത്സമീപത്തിൽ മെച്ചം നേടുവാൻ തമ്മിൽ
മത്സരിച്ചോടിനാർ കൊച്ചുവേടത്തികൾ.

ഓട്ടത്തിനന്നു സമാനമായേകയെ–
ക്കൂട്ടമവർ കൊയ്തലങ്കരിച്ചാനവൻ;

പൊട്ടിച്ചെടുത്തമയിൽപ്പീലിയും, നല്ല-
ചുട്ടററകാട്ടുപ്പൂങ്കോഴി തൻ തൂവലും

ചേർത്തഴകോടും ചെറുപുരികുന്തലിൽ
ചാർത്തിയവൻ രസിപ്പിച്ചിതൊരുത്തിയെ.

വേറൊരുകൊച്ചുചെറുമിക്ക വൃക്ഷത്തി-
ലേറിപ്പഴങ്ങൾ പറിച്ചേകി വത്സലൻ.

എല്ലാററിനുമൊടുവിൽപ്പോന്നൊരു ചെറു-
മല്ലമിഴിക്കവൻ മുഖ്യത കല്പിച്ചു

ചെല്ലമായ് താൻ വളർത്തും മാൻകിടാവെയെ-
ന്നല്ലവൾക്കായ് തൻഹൃദയവുമേകിനാൻ.

ഇങ്ങനെവേട്ട പിന്നേറിയ കാലമ-
ബ്ഭംഗിയെഴും കാട്ടിലൊന്നിച്ചു വാണവർ,

മംഗലമായ് നാൾ കഴിച്ചു, വിടത്തന്നെ
തങ്ങളിൽ വേർപിരിയാതെ മരിച്ചിതു.

കേൾക്കുവിൻ, മണ്ണിൽ മറഞ്ഞൊരന്നാൾ മഴ-
യേൾക്കാതെ കാത്തുകിടക്കിലും വിത്തുകൾ,

അക്രമമോടും പിന്നൊരിക്കൽ മുളച്ചുടൻ
വായ്ക്കുംചെടിയായ്; സ്വഭാവത്തിനൊത്തതിൽ

പൂക്കും ശുഭാശുഭഗന്ധമെഴും പൂക്കൾ;
കായ്ക്കും മധുരവും കയ്പുമെഴും ഫലം:

ആയതുപോലെ യവനവൻ നല്ലതും
തീയതുമായ് പലനാളുമോരോവിധം

പോയൊരു ജന്മങ്ങളിൽ ചെയ്ത കർമ്മങ്ങൾ
മായാതെരാഗവും ദ്വേഷവുമായതിൻ

തക്കകാലത്തു താന്താങ്ങൾക്കെത്തുന്ന
സൌഖ്യവും ദുഃഖവും ജന്മാന്തരങ്ങളിൽ.

നിൽക്കാതിവണ്ണം തിരിയുംജനിമൃതി
ചക്രത്തിൽ വീണു ചുഴലുന്നു ദേഹികൾ;

ആർക്കുമേ തങ്ങടെ കർമ്മഫലങ്ങളെ
നേർക്കാതൊഴിച്ചുവിടാവതല്ലായ്കയാൽ.

ഞാനായിരുന്നു പെരുമന്നനച്ചെറു
മീനമിഴിയായിരുന്നു യശോധര;

ആനതുകൊണ്ടു ഞങ്ങൾക്കു തങ്ങളിൽ
മാനസ ബന്ധമുണ്ടായതു മങ്ങനെ."

പിന്നെ നൃപാത്മജൻ സമ്മാനമേകിയ
തുന്നിനോക്കിക്കൊണ്ടിരുന്ന ജനം ചെന്നു

ധന്യമാവതൊട്ടും ചിന്താകുലനായ
മന്നവനോടുണർത്തിച്ചിതവസ്ഥകൾ;

തൽപുത്ര സന്നിധിതന്നിൽ മഹാനായ
സുപ്രബുദ്ധന്റെ മകളാം യശോധര

കെല്പോടണയുംവരെക്കുമാരൻ തന്റെ
യുൾപ്പൂവലയാതെ താൻ വാണിരുന്നതും,

പെട്ടെന്നുകണ്ടവളെ തൻമുഖത്തിന്റെ
മട്ടിന്നു തെല്ലൊരു മാററമുണ്ടായതും,

കട്ടിമാൻകണ്ണി കടക്കണ്ണയച്ചതും,
സ്പഷ്ടമവളെ യവൻ കടാക്ഷിച്ചതും,

നല്ല മരതകമാല കൊടുത്തതും,
മെല്ലവെ പുഞ്ചിരിക്കൊണ്ടവൾ കവർന്നതും,

എല്ലാം ശ്രവിച്ചു നൃപൻ പുത്രവത്സലൻ
തെല്ലു ചെറു ചിരിതൂവിയുത്തരം ചെയ്താൻ.

“കിട്ടിയല്ലോ! നമുക്കിന്നൊരിര വിണ്ണിൽ
മുട്ടിപ്പറക്കുമപ്പക്ഷിയെ വീഴ്ത്തുവാൻ;

വിട്ടിടാതായതിനി യോർക്ക യോഗ്യമാം
മട്ടിൽ ഘടനയ്ക്കുപായം ചതുരരേ;

ദൂതജനത്തെ യയച്ചേൻ കുമാരനാ-
യേതുമേ വൈകാതെയക്കന്യയാളുടെ

താതനാം സുപ്രബുദ്ധൻ തന്നോടായ് ചെറു
ശാതോദരിയെ വേളിക്കു ചോദിക്കനാം.”

എന്നാലൊരു കന്യയേററം കുലീനയും
സുന്ദരിയും സർവ്വകാമ്യയുമാകിലോ

വന്നാ വധുവെ വരിക്കും യുവാവുമുൻ
വെന്നീടണം യുദ്ധവിദ്യയിലന്യരെ.

അക്കാരണത്താൽ തരുണർക്കു തങ്ങളിൽ
വക്കാണമുണ്ടാം സ്വയംവരവേളയിൽ;

ശാക്യജാതിക്കിതു ചട്ടം; ഇതിന്നൊരു
നീക്കുപോക്കില്ല നൃപതികൾക്കാകിലും.

ആകയാലെത്തിയ ദൂതരോടിങ്ങനെ
യാകുലനായ് സുപ്രബുദ്ധനുര ചെയ്തു:

കന്യതൻ കൈത്താർ പല ദിക്കിലുമുള്ള
ധന്യരാം രാജപുത്രന്മാർ കൊതിക്കുന്നു;

ഇന്നവരെക്കാൾ തിറമൊട്ടു തൻ തിരു
നന്ദനൻ ശാന്തശീലൻ വിൽ കുലക്കയും,

നന്നായി വാൾ വീശുകയും തളരാതെ,
നിന്നിട്ടു മശ്വത്തെ യേറിയോടിക്കയും—

എന്തുവേണ്ടാ യെതിർപ്പോരെ യേറ്റം ചെയ്തു
വെന്നു വരികിൽ നമുക്കവൻ ശ്ലാഘ്യനാം.

എന്നാൽ മുനിപോലെ ശാന്തനാമീ നൃപ-
നന്ദനനാലതു സാദ്ധ്യമാകുന്നതോ?

എന്നതു ചിന്തിക്കണേ;മിതു പോയ നിങ്ങൾ
മന്നവനോടുണർത്തീടുവിൻ മാന്യരേ.

ദൂതരമിങ്ങനെ ചെന്നറിയിച്ചിതു;
ചേതസ്സിലാധി കലർന്നു നൃപേന്ദ്രനും.

"കഷ്ട! മെന്നുണ്ണി യശോധരയെ സ്വയം
ഇഷ്ടനായ് കാമിച്ചതൊക്കെ വിഫലമായ്.

വില്ലാളികളിൽ മുമ്പൻ ദേവദത്തനാം,
കല്യൻ കുതിരയോടിപ്പാൻ വിരുതനാം

ചൊല്ലേറു മർജ്ജുനനാം, വാൾപ്പയറ്റിങ്ക–
ലെല്ലാർക്കുമാദ്യനാം നന്ദനാമുത്തമനാം,

എന്മകനെങ്ങനെ യീ വീരവിദ്യയിൽ
മേന്മനേടിപ്പെൺകൊടിയെ ലഭിപ്പതും?"

ഇങ്ങനെ ഖേദിച്ച താതനോടായ് പുത്ര–
നിംഗിതജ്ഞൻ പുഞ്ചിരി പൂണ്ടു ചൊല്ലിനാൻ:

അച്ഛൻ വിഷാദിച്ചിടേണ്ട; യീ വിദ്യയും
മെച്ചമോടും ഞാൻ പഠിച്ചതാണോർക്കയും;

ഇച്ഛപോലിന്നിതിലേതിലുമൊന്നാം
കച്ചകെട്ടീടട്ടെ യെന്നോടെതിർക്കുവാൻ;

നിശ്ചയം, ഞാനതിൽ പിൻവാങ്ങി, യാശിച്ചൊ–
രച്ചപലാക്ഷിയെ കൈവിടുകില്ല,താൻ.

ഇച്ചൊന്നപോൽത്തന്നെ താതൻ വിളംബരം
സ്വച്ഛന്ദമായിന്നു ചെയ്യുകയേ വേണ്ടൂ.

ഇത്തരം പുത്രന്റെ വാക്കുകേട്ടുത്സുകൻ
ശുദ്ധോദനനൃപൻ ഘോഷണം ചെയ്യിച്ചു.

"ഇന്നിയതി തൊട്ടൊരേഴാം ദിന മുന്നി,
സിദ്ധാർത്ഥനെന്റെ കുമാരൻ, കളരിയിൽ,

ഉദ്ധതന്മാരാമെതിരാളികളോടായ്
പ്രത്യേകമാവീരവിദ്യയിലേതിലും

ബദ്ധസംരംഭമെതിർക്കും; വിജയിക്കു
സിദ്ധയാം കയ്യിൽ യശോധര" യെന്നമേ.

പിന്നതുപോലെയേഴാം ദിവസം ശാക്യ-
മന്നവന്മാർ ചെറുരാജനന്ദനന്മാരും

ഒന്നൊഴിയാതെയപ്പൂരായം കാണുവാൻ
ചെന്നു നിറഞ്ഞിതു മൈതാനഭൂമിയിൽ.

പൊന്നുകെട്ടീടിന കൊമ്പും പലവിധം
മിന്നുന്ന പൂവിരിപ്പും പൂണ്ട കാളകൾ.

അന്യൂനവാദ്യഘോഷങ്ങൾ തുടങ്ങിയ-
സ്സന്നാഹമെല്ലാമിയന്നക്കളരിയിൽ,

സ്വന്തമകമ്പടിക്കാർ നടുവേ നല്ല
ചന്തവും വർണ്ണവുമാർന്ന പല്ലക്കേറി,

ബന്ധുരഗാത്രി യശോധരയും തന്റെ
ബന്ധുജനങ്ങളുമായണഞ്ഞീടിനാൾ.

കണ്ടുമുന്നിൽ കമനീയാംഗിയെ മന-
ത്തണ്ടാരലരാതെ തരുണരിൽ മുഖ്യരാം

പൃഥ്വീശവംശജൻ ദേവദത്തൻ, പ്രഭു-
പുത്രരാം നന്ദനാർജ്ജുനന്മാർ താനുമേ

“ഇത്തയ്യലാളെനിക്കുള്ള, തെനിക്കുള്ള”-
തിത്തരം തങ്ങളിൽ വാദു കൂറീടിനാർ.

അപ്പൊഴുതാരാൽ നിജ “കണ്ടക” മെന്ന
ചൊല്ലൊണ്ടിട്ടുന്നൊരു വെള്ളക്കുതിരയിൽ,

അമ്പ് ഭ്രമിത്തനിലവില മനോഹരൻ,
കെല്ലൊടെഴുന്നള്ളിനാൻ കൊച്ചുതമ്പുരാൻ.

മുൻപുകണ്ടിടാത്തവണ്ണം വെളിയിലാ
വമ്പുതപാദങ്ങൾ പാത്തുളത്തിനാൽ

ഉമ്പർകോൻ വാജിക്കെതിരായ കണ്ടക-
മമ്പൊടുമാന്ന ഹേഷാഘോഷമൊന്നിടൻ.

മന്നവനാർക്ക് കീഴ്പ്പെട്ടു, മേലിൽ നി
ന്നമ്യമാരാരുണ്ടപ്പുകൾ ഭേദിച്ചും,

എന്നാൽസ്വയം സുഖദമൊരാശ്രിതിക-
ളൊന്നുപോലവനം കഴിയും ജനാവലി-

വന്നതിങ്ങുന്നു വിസ്മയം പൂണ്ടുതാ
നൊന്നതിക്കൺ പാർത്തു രാജകുമാരനാം.

സന്നിധിതന്നിലുടൻ മോഹനകാന്തി
ചിന്നിസ്വയംവരമോർത്തു നിന്നീടുന്ന

സുന്ദരിയാകും യശോധരയെക്കണ്ടു
മന്ദം മഹാത്മാവു പുഞ്ചിരിതൂകിനാൻ.

എന്നല്ലൊരുകരത്തിൽ പട്ടുനൂൽകൊണ്ടു
നന്നായ് ചമച്ചുകടിഞ്ഞാൺ പിടിച്ചുടൻ,

ചാടിനാൻ കണ്ടകത്തിൻെറ വിശാലത
തേടും മുതുകിൽനിന്നക്ഷണം ഭൂമിയിൽ.

"പേടമാൻകണ്ണിമാരാകെ മുടിയതിൽ
ചൂടുന്നരത്നമാമിപ്പേശലാംഗിയെ

പാടില്ല തീണ്ടുവാനേററവും യോഗ്യത
കൂടും പുമാൻെറ കരതാരിലന്നിയെ"

എന്നും വിളിച്ചു പറഞ്ഞത,തിരാളികൾ
നിന്നിളിക്കുന്നുനോക്കിത്തിരുവടി

"ഇന്നു ഞാനിക്കന്യയാളെ മോഹിക്കുവ-
തെന്നുമേ സാഹസമെന്നു കരുതുവോർ

വന്നു പരീക്ഷിച്ചു നോക്കാം, വിരോധമി"-
ല്ലെന്നുടൻ വാതുമുരചെയ്തുതള്ളിനാൻ.

വീറോടും വില്ലാളി നന്ദനുടൻ മുമ്പു
കേറിവാദിച്ചിതു കോലം മുറിച്ചീടുവാൻ;

മാറാതെയൊരുവെങ്കലപ്പാറ ലക്ഷ്യമാ-
യാറു ഗവ്യൂതിയകലെ വച്ചാനവൻ;

ഒട്ടും കുറച്ചീല യർജ്ജുനനും., ദൂര-
മെട്ടുഗവ്യൂതിയാക്കി ദേവദത്തനും;

സത്വരമായത്ര കണ്ടകതാദികൾ
മെത്ത മുത്സാഹം കലർന്നകുമാരകർ

സിദ്ധാർത്ഥനാജ്ഞാപനം ചെയ്തുതൻപ്രാ-
പത്തുഗവ്യൂതിയകലെ വച്ചീടുവാൻ.

അത്ര ദൂരത്തപ്പുറമവർ കാണായി-
ത്തെത്രയും സൂക്ഷ്മമായോരു കവടിപോൽ.

മുൻപിട്ടു പിന്നെത്തിരാളികൾ കോൽ കുറി
ച്ചമ്പുകളെയ്തു തുടങ്ങിനാർ മുറയെ.

തമ്പറയെയ്തു മുറിച്ചിതു നന്ദനും.,
തമ്പറയർജ്ജുനൻ താനും മുറിച്ചിതു.

തെററന്നുടൻ ദേവദത്തനും തൻകുറി-
തെററാതെനോക്കിയയച്ചിതു സായകം;

മുററുമതു കോൽമുറിച്ചു ലക്ഷ്യത്തിൻറ
മറെറപ്പുറവും കടന്നകലെപ്പോയി.

കണ്ടമഹാജനമത്ഭുതം കൈകൊട്ടു
കൊണ്ടാടിയാർത്തു വിളിച്ചിതു തൽക്ഷണം.

"ഉണ്ടാം പ്രിയനിനിത്തോൽവി;യിനിക്കതു
കണ്ടുകൂടാ" യെന്നു കാതരയായുടൻ

ഇണ്ടൽ കൈക്കൊണ്ടു യശോധരയുംമുഖ-
ത്തണ്ടാർ മറച്ചു പൊൻമൂടുപടത്തിനാൽ.

കല്യൻ കുമാരനപ്പോൾ മിനുത്തതല്ലതാം
നല്ലച്ഛായം പൂണ്ട തങ്ങിൽ തെരുവുകൾ

എല്ലാടവും വരിഞ്ഞുള്ളതായ്, ശുഭമാ-
യുല്ലസിക്കും വെള്ളിത്താണിയലുന്നതായ്,

വല്ലാത്തതെല്ലാം കണ്ണൂന്നി പൂട്ടിടാ
വല്ലാത്തതായി, വിരുതേറിടുന്നൊരാ.

വില്ലാളികളുപയോഗിച്ച കാർമുകം
മെല്ലവേ ചെന്തകരതാരിലേന്തിനാൻ;

തെല്ലുടൻ പുഞ്ചിരിതൂകിനാ;നംഗുലി
പല്ലവത്താൽ ചെറുഞാണൊലി കൂട്ടിനാൻ;

പൂട്ടിനാൻ വില്ലുകലച്ചുരണ്ടഗ്രവും
കൂട്ടിമുട്ടിടുമാറക്ഷണം കോമളൻ;

ഏറെ വണ്ണമിയന്നൊരു വിൽക്കോലു
പൊട്ടിമുറിഞ്ഞുടൻ വീണു ധരണിയിൽ.

ആളുകളാശ്ചര്യമഗ്നരായാ; രുടൻ
നാളീകമോഹനവക്ത്രനതും ചൊല്ലാൻ.

"കേളിയാസ്സൂട്ടിനെനിക്കുതൊഴിൽ കേവലം.
വേളിക്കു വേണ്ടി വിരുതിനല്ലോർക്കുവിൻ;

കേളിയേറും ശാക്യമന്നവന്മാർക്കിതെ-
ക്കാളേറെ യോഗ്യമാം കാർമുകമില്ലയോ,?

കൊണ്ടുവന്നീടുവിൻ നല്ലവില്ലുണ്ടെന-
മുണ്ടെങ്കി"ലെന്നതു കേട്ടൊരാൾ ചൊല്ലിനാൻ:

"പണ്ടുപണ്ടെന്നൃപൻ സിംഹഹനുവിൻെറ
കൊണ്ടാടിടേണ്ടൊരു വില്ലുണ്ടു കോവിലിൽ

പൂജിച്ചു വച്ചിരിക്കുന്നു; ഞാണായതിൽ
യോജിക്കുമാറു പൂട്ടാവല്ലൊരാർക്കുമേ;

പൂട്ടിയാലും ഞാൺവലിച്ചു ബാണമെയ്തു
കോട്ടം വെടിഞ്ഞു കുലയ്ക്കാവതുമല്ല.

എന്നതുകേട്ടു കുമാരനരുൾ ചെയ്തു:
നന്നതു പൂരുഷയോഗ്യമാമായുധം

ഇന്നെനിക്കായതു തന്നെ വേണം; കൊണ്ടു
വന്നീടുവിൻ നിങ്ങളേതും മടിയാതെ.

ചാരത്തുടനെയാനീതമായി, സമുജ്ജ്വല
ചാരുലതാശില്പശോഭി ശൃംഗാഞ്ചിതം,

ഭാരം കലർന്നൊരു കാരിരുമ്പാലു തീർത്ത
ഘോരം പുരാതനമാമസ്ത്രാസനം.

സിദ്ധാർത്ഥനാവില്ലു കണ്ടു കൈത്താരിനാൽ
ബദ്ധാദരം ചെന്നെടുത്തു തിരുമുട്ടിൽ

ചേർത്തു രണ്ടാവൃത്തി ശക്തി പരീക്ഷിച്ചു
പേർത്തു മീവണ്ണമരുൾ ചെയ്തു വീര്യവാൻ:

ഈ വില്ലിലമ്പുതൊടുത്തെയ്യുവിൻ വീര-
ഭാവം കലർന്ന സഹോദരരേ നിങ്ങൾ.

ഈ വാക്കു കേട്ടന്നതേറ്റമസ്വസ്ഥവാ-
നാവതില്ലാഞ്ഞു മടങ്ങി വില്ലാളിമാർ.

അപ്പോൾ കുമാരകൻ മുമ്പിൽ പുവട്ട വ
ച്ചുള്ളം കനിഞ്ഞു തിക്കൈയ്യാൽ ശരാസനം

ക്ഷിപ്രമെടുത്തു കുലച്ചുടൻ ഞാൺ തല
കെല്പിൽ വലിച്ചതിൻ കോടിയിൽ പൂട്ടിനാൻ;

ഉച്ചത്തിൽ ഞാണൊലി കൂട്ടിനാൻ; പക്ഷീന്ദ്ര-
നുച്ചലിപ്പിക്കും ചിറകിൻസ്വനംപോലെ.

മെച്ചമോടദ്ധ്വനി കാററിൽ മൂളി ദ്രുത-
മൊച്ച മുഴക്കി ദ്ദിഗന്തങ്ങളെങ്ങുമേ.

എന്തൊരു ശബ്ദമിതെന്നുടൻ പേടിച്ചു
ചിന്തയാൽ നാട്ടിൽ ജനങ്ങൾ കുഴങ്ങിനാർ.

ചൊല്ലിനാരായതു സിംഹഹനുവിൻെറ
വില്ലിൻെറ ഞാണൊച്ചയെന്നു മറിഞ്ഞവർ;

കല്യാണരൂപൻ സുമാസുതൻ മൌർവ്വിയെ
മെല്ലെ വലിച്ചതിൽ പൂട്ടിനാനൊന്നതും,

അല്ലൽ കൂടാതതിലമ്പു തൊടുത്തവൻ
കില്ലകന്നേറ്റീടുമെന്നതു മോതിനാർ.

പിന്നെ ഗ്ഗുണത്തിൽ ചേർത്തു ചെമ്മെ യുവ-
മന്നവൻ ലാക്കു നോക്കി പ്രയോഗിച്ചിതു.

മൂർച്ചയേറുന്നമ്പു വിണ്ണിനെ ദ്ദൂരവേ
വീച്ചു വാളം പോലെ കീറിക്കളഞ്ഞു ചെന്നുടൻ

ഏറാവും ദ്ദൂരത്തിലുണ്ടൊരാ ലവംഗത്തെ
മാററമില്ലാതെ മുറിച്ചുമാറ്റിയിതു,

ഷോറമില്ലാതെ പിളർന്നു മുകളിലെ
മുറിവുകലത്തു പോയി മറഞ്ഞിതു.

മാറാതെ പിന്നെയും ദേവദത്തൻ വാളു
ക്കൂറി, വാൾവിദ്യയെത്തിത്തണ്ണതങ്ങനെസാ

ആറംഗുലം വണ്ണമുള്ള കദംബമെ
വീരോട്ടവെട്ടി രണ്ടായ് മുറിച്ചീടിനാൻ.

ഏഴംഗുലം ഘനമുള്ള താലം ചെറു-
വാഴപോലഞ്ഞൂറനാം വെട്ടിവീഴ്ത്തിനാൻ.

വെളു വണ്ണ മേല്യപോന നന്ദന-
മരമൊട്ടുവെട്ടി രണ്ടായ് മുറിച്ചാനവൻ

ആയത്തു പോലെ താൻ വളർന്നുമുള്ളോരര-
ങ്ങായതമായി വളർന്ന പനകളെ

ആയാസമെന്നിയെ ന്നരത്തോടെ വെട്ടിനാൻ
മായാസുതൻ മറാത്താ മുറിച്ചീടിനാൻ.

എന്നാൽ മുറികളം വേർപെട്ടു വീഴാതഹോ!
നിന്നു നെടുവന കമ്പും കലേനകം.

മിന്നിയമൂർച്ചയേറും വാളുകളുടെ
മിന്നൽ പിണർപോലെ പാഞ്ഞുപോയീടിലും.

"തെററി കുമാരന്റെ വെട്ടെന്ന നൽകാം
തെററെന്ന ഹാ! വിളിച്ചു ഘോഷിച്ചിതു.

ഉററയത്താൽ യശോധരതാനമേ
മുററം നെടുങ്ങളി മരങ്ങൾ വീഴാഞ്ഞതാൽ.

അപ്പോഴങ്ങെത്തു ദേവാജ്ഞയാൽ തെക്കനി-
ന്നൽപ്പനമോദമിളകാററ മെല്ലവേ

ശില്പമായ് മേൽമകടങ്ങൾപോലെ ചൂഴ്ന്നെഴും
നല്പത്രങ്ങളിൽ മൂളിയടിച്ചതേ,

കെല്പാർമുറിഞ്ഞുള്ള സന്ധികൾ വേർപെട്ട-
ത്തപ്പനകളും മറിച്ചിട്ടു ഭൂമിയിൽ.

പിന്നെച്ചോദിപ്പാൻ നൽപ്രഹയങ്ങളെ-
സ്സന്നാഹമോടും വരുത്തിത്തരാർ

ചെന്നവൻ വാങ്ങിച്ചുകൊണ്ടുകളരിയിൽ
മൂന്നു നാലാവർത്തിയോടിച്ചു മൃഗവും.

ചീറ്റമിയന്നു പാഞ്ഞിട്ടുമവറ്റയി-
ലോരാവും വേഗമേറും വാജിതന്നൊയും

മാററിമുമ്പേപാഞ്ഞു മഞ്ഞിൻ നിറമാർന്ന
കാററുപോലാട്ടും കുമാരന്റെ 'കന്ഥകം'.

അത്ഭുതമോർക്കിൽ സ്വന്ത മുഖത്തുനി-
ന്നുത്ഭൂതഫേനം നിലത്തു വീഴുംമുമ്പേ,

കെല്പോടിതാ പത്തുവേൽക്കോലകലമ-
ച്ചൊല്ലൊങ്ങിടുന്ന കതിര പാഞ്ഞെത്തുമേ.

ഛന്ദകനോതി "ഞങ്ങളുറപ്പായും
വെന്നീടുമീയശ്വവീരനെക്കിട്ടിയാൽ;

ചെന്നാറ്റുകൊണ്ടുവരുവിൻ മടങ്ങാതെ
നിന്നിടും വാജിമല്ലന്മാരിലൊന്നിനെ;

കേറിയതിനെ യോടിക്കുവാൻ സാമർത്ഥ്യ
മേറുന്നതാർക്കെന്നു കണ്ടിടട്ടേജനം."

ഗീരിതുകേട്ടശ്വപാലകർ ചെന്നൊരു
കൂരിരുൾപോലെ കറുത്ത കുതിരയെ

നാലഞ്ചു ചങ്ങലകൊണ്ടു ബന്ധിച്ചതി-
വേലം പണിപ്പെട്ടു കൊണ്ടുവന്നീടിനാർ.

ആയതം ഭയപ്പെടും ദംഷ്ട്രികളും, മഹാ-
ഘോരമാം വിസ്തൃത നാസാപുടങ്ങളും,

പാരം തിരപോലിളകും കഴിംചിട
പൂരിച്ചപീവരമാം കണ്ഠനാളവും,

ഒട്ടമാ വാജിവീരൻ വന്നു നിന്നിതേ
ഖാദമില്ലാതെയും ജീനിക്കൂടാതെയും.

അന്നാൾവരയ്ക്കുമ ക്രൂററൻ കുതിരയെ-
ച്ചെന്നു തൊട്ടിട്ടില്ലൊരാളുമോടിക്കുവാൻ.

എന്നാലുമശ്ശാക്യരാജകുമാരകർ
വന്നതള്ളീടുന്ന വാശിയാലന്ധരായ്,

മാറിമാറിച്ചെന്നവന്റെ മുതുകത്തു
കേറിനാർ മുമ്മൂന്നുരുവരൊപ്പവും.

ഏവന്നവരെയുടനവൻ താഴത്തു
താവുമാറായവൻ തള്ളിയിട്ടീടിനാൻ;

വീണ്ടും കയറിയും വീണുമവർ പരം
പൂണ്ടാർ മുതുകിൽ പൊടി, നെഞ്ചിൽ നാണവും.

മണ്ടിയണഞ്ഞുടനർജ്ജുനൻ മേലേറി-
യിങ്ങൽക്കൂടാതൊന്നിരിപ്പു മുറപ്പിച്ചു,

തിണ്ണാടിനിൽക്കും കുതിരതൻ ചങ്ങല
കണ്ടുതവിട്ടുഴിപ്പിച്ചു ചവുക്കിനാൽ

വീശിയടിച്ചാൻ വിതതനഖാഗ്രവിൻ
പ്പാശിലപോലെ കരുത്തുള്ള പള്ളയിൽ;

പിന്നെ ഖഗാൻ വലിച്ചിട്ടവൻ തന്നുടെ
യുന്നതവൈഭവമാർന്ന കൈത്തണ്ടിനാൽ

ധാടിയേറുന്ന കുതിരത്തടിയന്റെ
താടിയെ മേല്പോട്ടുതള്ളി നിവർത്തിനാൻ.

ചാടിക്കുതിരയരിശവും പീറവും
പേടിയുമാൻ പാഞ്ഞു കൊട്ടക്കാററുപോൽ;

തേട്ടമുറംമുള്ളോട്ടു മൊട്ടുമതഞ്ഞിടയാ-
ന്നോടി വട്ടം തിരിഞ്ഞു രംഗഭൂമിയിൽ;

പൊട്ടെന്നു പിന്നെ യിടറിക്കഴുത്തൊന്നു
വെട്ടിത്തിരിച്ചു വികടമാക്കിനാൻ.

വീറോട്ടു പല്ലുമിളിച്ചു മേല്പോട്ടവൻ
മോറുകാട്ടീടിനാൻമുററം ഭയങ്കരൻ.

കാലാലമർത്തിയുടനെ യൊന്നാർത്തനാൻ
മാലവാനോകിച്ചുവിട്ടിനിലത്തിട്ടു

കാലാവയത്തിനായപ്പാരനാരണ്ടുനാ
കോലാഹലത്തിലഭ്രാന്തൻ കുതിരയെ

വല്ലവർകോലും തുടലുകളാലശ-
പാലകർ വീണ്ടുമന്നത്തു കെട്ടീടിനാൻ.

അത്തൊഴിൽ കണ്ടുനിന്നൊരു മഹാജന-
മൊത്തൊരുമിച്ചു വിളിച്ചോതി സത്വരം:

സിദ്ധാർത്ഥനുണ്ണിയിടയത്തെത്തിയി-
ന്നിത്തടിമാടൻ പിശാചിനോടേറ്റുമേ.

ചീറ്റമേറുന്നോരിവന്റെ കരം കൊണ്ടു-
കാറ്റാണെ നൂനം; കഷ്ടം ഭ്രമമാണിവൻ;

മാറ്റമില്ലീയുഗ്രമൂർത്തിക്ക പാർക്കി-
ലൂറ്റമാം തീജ്വാലയാണയിരായതും.

മെല്ലെയതുകേട്ടുടൻ കുമാരൻ "തുട-
ലെല്ലാമഴിക്കവി"നെന്നും, "സ്വവാരിക്ക

നല്ലമൃഗമാണിവൻ; നേററിവാർമുടി-
യല്ലാതിനിക്കൊന്നു വേണ്ട" ന്നരോതിനാൻ.

ആയതുപോലിടംകൊണ്ടാൽ കുതിരത-
ന്നായതകേസരം മെല്ലെപ്പിടിച്ചുടൻ,

എന്തോ ചിലതു ചെവിയിലതിനോടു
മന്ത്രിച്ചുകൊണ്ടു മറേറകരതാരിനാൽ

അമ്പോടതിൻ മിഴിരണ്ടും തടകിനാൻ;
വമ്പേലുമുഗ്രമുഖവുമതുപോലെ,

മന്ദം കഴുത്തും തലോടിനാൻ വീർപ്പിനാൽ
സ്പന്ദിച്ചെഴും രണ്ടു പാർശ്വഭാഗങ്ങളും.

കെല്പേറിടുന്ന കരം കുതിരക്കൂററ-
നപ്പോളൊതുങ്ങിത്തലയും കുനിച്ചുടൻ

തല്പാദമന്‌പോടു കുമ്പിട്ടമ്മാതിരി
നില്പതു കണ്ടേറെ വിസ്മയിച്ചു ജനം.

ഉല്ലാസമോടുമപ്പോൾ നൃപനന്ദന
നെല്ലാവരും കണ്ടുനിൽക്കവേ സത്വരം,

വല്ലാത്ത വാജിവീരൻെറ മുതുകത്തു
സല്ലീലമാഞ്ഞു കരേറിയിരുന്നുടൻ.

മെല്ലെ പ്രയോഗിച്ചു കാൽമുട്ടുകൾ, കയ്
വല്ലിയിലേന്തിയിളക്കി കടിഞ്ഞാണും.

ആയതുകണ്ടു ജനങ്ങൾ ചൊന്നാരിനി
യായാസമെന്തിനു രാജന്യപുത്രരേ?

പോയടങ്ങിക്കൊൾക; മത്സരിച്ചീടേണ്ട;
മായാസുതൻ സർവ്വമുഖ്യനാണോർക്കുവിൻ."

എന്നതുകേട്ടെതിരാളികളേവരു-
മൊന്നായ് സ്വയമതു സമ്മതിച്ചോതിനാർ.

ചൊന്നാനുടൻ സുപ്രബുദ്ധൻ കുമാരനോ-
ടുന്നതാനന്ദമൊട്ടുത്തുചൊന്നീവിധം:

മന്നവനന്ദനാ, വാഴ്കനീ ചിരം;
നിന്നെ വിജയിയായ് കാണ്മാൻ കൊതിച്ചുഞാൻ;

നിന്നിലല്ലോ ക്രൂരമേറെ ത്തങ്ങൾക്കൊക്കെ;
യെന്നാലുമത്ഭുതമാകുന്നു നിൻ ജയം.

ബാലൻ, സദാ പനിനീർമലർച്ചോലയിൽ
കാലം നെടും ചിന്തകളാൽ കഴിച്ചുനീ

പോരും, പയിററം മുററു മറിവുമീ
വീരരെ മായാമഹിമയാലോ വെന്നു?

ഏതാകിലും വാതിൽ നേടിയ രത്നത്തെ
ജാതസന്തോഷമണിഞ്ഞാലുമിന്നി നീ

ചേതസ്സലിഞ്ഞിവിധം ധന്യനാമവ-
നോതി, മകുടമതു മന്ദമഞ്ഞെടുത്തിനാൻ.

അപ്പോഴഴാററു തേറിയാളോമന
പ്പുഷ്പഹാരം കരതാരിലെടുത്തവൻ

തല്പത്തിൽ നിന്നെഴുന്നേററു, മെല്ലെന്നി-
ന്നപ്പുരികക്കൊടിയാളുമകററിനാൻ.

നല്പൊൻവരികൾ കലർന്നു നിറംതേടു
മുല്ലലശ്യാമമാം മൂടുപടം സ്വയം

എന്നിട്ടു സാക്ഷിമാനംപുലമ്പുന്നിയ-
സ്സുന്ദരി മെല്ലെന്നടന്നാൻ; യുവാക്കളെ

യൊന്നൊഴിയാതെ യെല്ലാരെയും പിന്നിട്ടു
ച്ചെന്നാളുടനുടൻ സിദ്ധാർത്ഥന്റെ മുമ്പിലായ്".

അന്നേരമക്കരാക്രൂരൻ കുതിരയിൽ
നിന്നിറങ്ങീട്ടുള്ള താഴ്ത്തും കഴുത്തിങ്കൽ

കണ്ഠമൊത്തകരം ചേർത്തുകൊണ്ടങ്ങനെ
നിന്നു വിളങ്ങിയദ്ദിവ്യതേജോനിധി.

മുമ്പിലണഞ്ഞുടൻ താണു വണങ്ങിനാൾ
കമ്പംവെടിഞ്ഞ കല്യാംഗനമാർമണി.

ധന്യതകോലുമനുരാഗമുഖരലി-
ച്ഛന്ന്യൂനമിവ്യപ്രഭാപൂർണ്ണമെഴും മുദാ

തന്നിറയത്തിന്നരുമിയാമ്പൂമാല
പിന്നെ പ്രിയന്റെ കണ്ഠത്തിങ്കലർപ്പിച്ചാൾ,

എന്നല്ല തൻതിരുമാറിൽ തലചാർത്തു
നിന്നാൾ ചെറുതവളങ്ങനെ, യെന്നിട്ടു

ലോലമനോഹര ദൃഷ്ടിതിരിച്ചു തി-
ർക്കാലിണതൊട്ടു തൊഴുതുടൻ സാദരം

"മൽപ്രിയ രാജകുമാര, തിക്കൺമുന
യർപ്പിക്കയെന്നിൽനീ നിന്റെയുടമത്തോൻ."

എന്നകതാരലിഞ്ഞ ചൊല്ലതെന്റുവാണി
ചൊന്നാൾ സദസ്സിലനന്തരം തങ്ങളിൽ,

മെല്ലെ കരതാർ കരതാരിലേന്തിയും
തുല്യമകക്കാമ്പകക്കാമ്പിൽ മുട്ടിയും

ചൊല്ലെഴുമീ നവദമ്പതിമാർക്കില്ല
തെല്ലാവരുംകണ്ട ഹർഷാബ്ധി നീന്തിനാർ.

കൂടിനാളാനന്ദം പിന്നെയും മുൻചൊന്ന
മോടികലർന്ന മുഖപടത്താൽ തന്വീ,

കോടക്കരിമുകിൽ കാന്തിയിൽ പൊൻവരി
കൂടികലർന്നൊരഴകാർന്നപട്ടുവടം

മൂടിയിരുന്നതും, മുറ്റുമഭിമാന
ധാടികലർന്നടിവെച്ചു നടന്നതും

ഓരോവിശേഷവുമന്നുകണ്ടുള്ളതു
പാരംകൗതൂഹലം നൽകുകയാൽ ചിലർ

സാരമറിവാൻ തൊഴുതുചോദിച്ചിതു
നേരെതിരുവടി ബുദ്ധനായ്ത്തീർന്നോരം.

ഏകാന്തശാന്തരാമജ്ഞാനത്തോടന്നു
ലോകൈകവന്ദ്യൻ ഭഗവാനരുളിനാൻ.

"ഞാനറിഞ്ഞീലവരാറിൻ ഹേതുവെങ്കിലും
മാനസത്തിൽ ചിലതന്നുതോന്നീസ്വയം

ജീവൻ ജനിമൃതി ചക്രത്തിൽ വീണുഴ-
ന്നീവിധമെന്നും തിരിയുന്നതോർക്കിൽ

പോയപൊരുളും വിചാരവും ജന്മവും
മായാതെ വീണ്ടും മടങ്ങിവരുന്നുമേ.

ഇപ്പൊഴോർപ്പൂ പണ്ടസംഖ്യം തലമുറ-
യ്ക്കപ്പുറമുള്ളൊരു ഭൂതകാലത്തിങ്കൽ,

ചോൽപ്പൊങ്ങിടുന്ന ഹിമവാന്റെ സാനുവിൽ
നൽ ശ്രുതഹരങ്ങൾ തിങ്ങുന്ന കൊടുങ്കാട്ടിൽ,

ക്രൂരൻപുലിയായ് നടന്നു ഞാൻ മെൽവരി
യേററമിയന്നിരതേട്ടമിനത്തോടും.

ബുദ്ധനാം ഞാനന്നു കാട്ടിൽ കശപ്പുല്ല
മെത്തമേൽ തങ്ങിക്കിടന്നു പകൽകാലം

നോക്കും മിഴിച്ചെന്റേയും മൃത്യുവിന്റേയും
ലാക്കിനടുത്തടുത്തെത്തുന്നും പശുക്കളെ;

അല്ലെങ്കിൽ, നക്ഷത്രവൃന്ദം വിളങ്ങുന്നൊ
രല്ലിലിരതേടിയെന്നു മദയനായ്,

കൊല്ലും തൊഴിലിലേർപ്പെട്ടി, ട്ടതിലൊരു
തെല്ലും മതിവരാതങ്ങുമിങ്ങും കാട്ടിൽ,

മാനും മനുഷ്യനാം ഗോക്കും വഴികളെ
താനൊത്തു ഗന്ധംപിടിച്ചു നടന്നീടും.

വൻകാടതിലന്നു വെമ്പുൽത്തടങ്ങളി
ലെൻക്രൂരരെറനടപ്പുരിൻമദ്ധ്യത്തിൽ,

തങ്കവരികൾ കാർമെയ്യിലേലും പുലി-
പ്പെൺകൊടിയാളെ യൊരുത്തിയെക്കാണായി.

ഏററവും സുന്ദരിയാമവൾ മൂലമായ്
വീററമിയന്നാൻപുലിനിരപോരാടി;

പല്ലും നഖങ്ങളും കൊണ്ടു കടിപിടി
വല്ലാത വർദ്ധിച്ചുടൽക്കളമായ്‌വന്നു.

മാനംകലർന്നതിയ ക്രൂരരോരോടൊക്കെ
ഞാനും ഭയങ്കരമായ് പോരാടിനേൻ.

അങ്ങൊരടവികളിൽ മരത്തിൻ തണൽപററി
യിംഗിതമാക്കുമറിയിച്ചിടാതഹോ!

ഞങ്ങൾ മുറിവേററു ചോരയൊലിക്കുന്നു
മാഴ്കവേനോക്കിക്കിടന്നിതു വ്യാഘ്രിയാൾ.

ആഹവമദ്ധ്യത്തിലന്ന പരസ്പരം
സ്നേഹമവൾക്ക എനിക്കുമുളവായി.

ഓർക്കുന്നതുണ്ടു ഞാനിന്നു; മൊട്ടവില
പ്പോർക്കളത്തിങ്കലെൻ കണ്ണാൽ മുറിവേററു

ചോരമെടുത്തു കിടക്കുന്ന വീരരാം
വ്യാഘ്രവർദ്ധ്യന്മാരെ നോക്കിനോക്കിസന്തതം

വാലുമഭിമാനമോടു പാദംവച്ചു
ശീഘ്രംനടന്ന മനോഹരഗാത്രിയാൾ

ആക്കമെഴുമനുരാഗം കലർന്നെൻറ
നേർക്കവൾ മന്ദം മുരണ്ടണയുന്നതും,

പോരിൽ തളർന്നുകിടന്നുകിതയ്ക്കുമെൻ
വാരിയെല്ലിൻനിര മേലിരുപാർശ്വവും

പാരവും താടിയിളക്കമാറായ് സ്നേഹ-
പാരവശ്യത്തിൽ നക്കുന്നതും, മെന്നല്ല

കോട്ടമൊടിഞ്ഞു രമിപ്പതിന്നായൊരു
കാട്ടിലവൾപിന്നെയെന്നെ നയിപ്പതും.

ചേണാർന്നൊരപ്പൊൻപുലിയുടെ തോലുപോ-
ലാണു യശോധരപ്പൂർണ്ണ മുഖപടം.

കാണവിനോദമായെന്നടത്തവു-
മേണമിഴിയാന്തതായതുപോലെതാൻ

പ്രാണികൾക്കിങ്ങനെ പാരിൽ പുറപ്പുകൾ
താണുമുയർന്നും വരുന്നിതറിയുവിൻ."

ഇങ്ങനെ തന്നി ലനുരാഗമേറുമൊ-
രംഗനാരത്നത്തെ വീണ്ടുകൊണ്ടീടിനാൻ,

മംഗലാത്മാവായ സിദ്ധാർത്ഥ; നന്ദനൻ
മംഗല്യ സന്നാഹവും തുടങ്ങീ നൃപൻ:

മേടമാസത്തിൽ ശുഭമുഹൂർത്തത്തിങ്കൽ
മോടികലർന്ന വിവാഹമഹോത്സവം

ഘോഷിച്ചു; മിഷ്ടാന്നദാനാദി സൽക്രിയ
തോഷമോടും ചെയ്തു ശാക്യകുലോചിതം

സ്വർണ്ണസിംഹാസനം വയ്ക്കുക, നൽചിത്ര-
വർണ്ണമേലും കംബളങ്ങൾ വിരിക്കുക,

പുണ്യവിവാഹമാല്യം ചാർത്തുക, മണി
മണ്ഡിത ഹസ്തങ്ങളിൽ കാപ്പുകെട്ടുക,

ഖണ്ഡികയപ്പത്തെ, നല്ല സുഗന്ധാഢ്യ
തണ്ഡുലം വാരിയെറിയുക,യെന്നല്ല

കുങ്കുമത്താൽ പാൽ ചുവപ്പിച്ചു ശുഭ്രത്വ-
ണാങ്കരമൊന്നാമതിലൊഴുക്കീടുക

സംഗമിക്കുന്നതു നോക്കി സവിരാഗ
സംഗതി സങ്കേതമായ് പരീക്ഷിക്കുക.

മന്നിലെഴേഴടിവച്ചു വധൂവരർ
വഹ്നിക്കു മൂന്നു വലത്തുവച്ചീടുക,

ധന്യദ്വിജന്മാർക്കു സന്മാനമേകുക,
അന്യസാധുക്കൾക്കു ഭിക്ഷ കൊടുക്കുക,

അമ്പലത്തിൽപ്പോയ് തൊഴുതു കാണിക്കയി
ട്ടമ്പിൽ സമന്ത്രമായ് പ്രാർത്ഥന ചെയ്യുക,

ദമ്പതിമാരുടുത്തുള്ള വസ്ത്രങ്ങടെ
തുമ്പുകൾ തമ്മിൽ പിടിച്ചു കെട്ടീടുക,

ഇത്യാദിയായ കർമ്മങ്ങളെല്ലാം പുന-
രത്യാദരത്തോടും ചെയ്തശേഷം സദ്യം

വൃദ്ധൻ വധുവിൻ പിതാവെഴുന്നേററുടൻ
ബദ്ധവാത്സല്യം വരനോടരുളിനാൻ:

വന്ദ്യനാകും നൃപനന്ദന, മൽകുല-
നന്ദിനിയാളിനി നിൻെറ വകയിവൾ.

നിന്നിൽ സമർപ്പിത ജീവിതയാകുമി-
ക്കന്യകയാളിൽ കനിവൊടു വാഴ്ക നീ.

അങ്ങനെ ബാല യശോധരയെ ക്കൂട്ടി-
യങ്ങണഞ്ഞുള്ളോരവളുടെ ബന്ധുക്കൾ

മംഗലഗീതവാദ്യാദി ഘോഷത്തോടു-
ത്തുംഗാനന്ദമവൻെറ കയ്യിൽ സമർപ്പിച്ചു.

പിന്നെയദ്ദമ്പതിമാരു വളർന്നേറ
മന്യോന്യമാം പ്രേമമോടു വാഴ്ന്തിടുന്നു.

എന്നാലുമസ്സ്വപ്നമൊന്നിൽ മാത്രം നൃപൻ
നന്നായി വിശ്വസിച്ചീലതു മൂലമായ്,

സാരജ്ഞനോർത്തു കല്പിച്ചിതു, മോടിയാൽ
പാരിന്നധീശർക്കധിവാസയോഗ്യമായ്,

പാരമെന്നും കവരും ഭംഗിയാൽ കാമ-
കാരാഗൃഹമായ സൌധമുണ്ടാക്കുവാൻ.

അങ്ങനെ നിർമ്മിച്ചിതു "വിശ്രമവന"
മംഗലനാമമെഴുന്ന മഹാരാമം.

ഭംഗിയും പ്രൗഢിയും കൊണ്ടതുല്യമസ്ഥല-
മെങ്ങുമേ ഭൂമിയിലില്ലതുപോലഹോ.

ഉച്ചാവച ശോഭതേടിപ്പരപ്പേറു
മച്ചാരുവൃക്ഷ വാടിക നടുവിലായ്,

പച്ചച്ചെടികളും പുല്ലുകളും പൂണ്ടു
മെച്ചമേറുന്നൊരു കുന്നുവിളങ്ങുന്നു.

വിസ്തീർണ്ണമാം ഹിമവാന്റെ തടത്തിൽ നി-
ന്നെത്തി യതുവഴി ഗംഗയെക്കാണുവാൻ

തത്തിക്കളിച്ചു പോകും രോഹിണീ നദി
നിത്യമക്കുന്നിൻ ചുവടു കഴുകുന്നു.

സാലദ്രുമങ്ങളും തിന്ത്രിണീജാലവും
ഖേലയൊത്തു വാച്ചുവാളുന്നിട്ടുകളിൽ

നീലനഭസ്സിൻ നിറമാർന്ന പൂക്കളാം പൂ-
ങ്ങാലോല ഭംഗി കലർന്നെഴും വല്ലികൾ

മേലേ പടർന്നുവയലതിൻ തെക്കുള്ള
ഭൂലോകമെല്ലാം മറന്നു കിടക്കുന്നു.

അന്തികത്തുള്ള മഹാനഗരത്തിലെ
സ്വന്തതാരാവങ്ങളുടെ ദൂരെക്കാട്ടിൽ

മന്ദമായ് വണ്ടുകൾ മൂളുമൊലിയെന്ന
സന്ദേഹമേകിയിളങ്കാറ്റിലെത്തുന്നു.

പാരമുയർന്ന് വളർന്ന് വിണ്ണോളമ-
ക്ഷീരധവള ഹിമാദ്രി ശിഖരങ്ങൾ

പാരിടം പിന്നിൽ മറച്ചു വിലസുന്നു
നേരെ വടക്കു നെടുങ്കോട്ടപോലവേ,

അച്ഛമായ്, മർത്ത്യന്റെ പാദം തൊടാത്തതാ,-
യുച്ചമാ,യന്തമില്ലാതെ വിപുലമായ്,

സ്വച്ഛന്ദമായ് നിരയായ് നിരയായ് വളർ,-
ന്നയ്യോ! മഹാത്ഭുതാകാരമായ് നിന്നിടും,

അമ്മാമലതന്റെ യംബരം വ്യാപിച്ചു
രമ്യമായുള്ള മുകൾപ്പരപ്പിങ്കലും,

തുംഗശിഖരങ്ങളും ശിലാകൂടവും,
തിങ്ങിയുള്ളോരുപാറപ്രപഞ്ചത്തിലും

പൊങ്ങും കടകതടങ്ങളിലും, വന-
ഭംഗിയാൽ ശ്യാമളമായ ചരിവിലും,

മഞ്ഞുമൂടും ശൃംഗഗ്രാവിലും, ഭിന്നമായ്
മഞ്ജുളമായ മലയിടുക്കിങ്കലും,

തുമ്പുകൾ ചിന്നിപ്പിളർന്ന് ഭീകരമായുള്ള
വമ്പാറകളുടെ യഗ്രഭാഗത്തിലും

നോക്കുന്നവരുടെ യുൾക്കാമ്പുയർന്നതി
സോൽക്കണ്ഠമായ് സ്വയമേവ പൊങ്ങിപ്പൊങ്ങി,

ദേവതമാരൊട്ടു സംഭാഷണത്തിന
പ്പോവതുപോലെ തോന്നീടും നിരൂപിച്ചാൽ.

ധാവള്യമേറും ഹിമപടലങ്ങളാ
ലാവൃതമാം മേഖലകൾക്കു താഴയായ്

ചാട്ടമതുവികളാം കസവേലുന്ന
ശാടികപോൽ ശ്യാമമായ മഹാടവി,

ആടോപിയാം ഗിരീന്ദ്രന്റെ നിതംബഭൂ-
പാടേമറച്ചു മൂടുന്നു മനോഹരം.

ഓടാതെ തങ്ങിനിൽക്കുന്നിതു മേലെത്തി
മൂടുപടംപോലെ മേഘനിരകളും.

താഴത്തു ദേവതാരം തൊട്ടുവൃക്ഷങ്ങൾ
ചൂഴവും പൊങ്ങിവളർന്ന വനങ്ങളിൽ,

അത്യുച്ചമായ് കാട്ടുകോഴികളും മററു
സത്വങ്ങളും കൂവിയും വിളികൂട്ടിയും,

വട്ടംചുഴന്നുപറന്നു വിണ്ണിൽച്ചെവി
പൊട്ടും പടിയായ് രടിച്ചും കഴുകകൾ

കോട്ടംവെടിഞ്ഞു വൻപാറമേലോടുന്ന
കാട്ടാടുകളങ്ങുമിങ്ങും കരഞ്ഞുമേ

ഏററവുമാകുലമായെങ്ങുമെപ്പോഴും
മാറെറാലികൊണ്ടു മുഴങ്ങുന്ന ശൈലങ്ങൾ.

എല്ലാററിനും കീഴ് സമ ഭൂതലം, ചെറു-
പുല്ലുകളാൻ വിളങ്ങുന്ന, കംബളം

അമ്പിൽഹിമാലയമായ ദേവാലയം
മുമ്പിൽജപവിധിക്കായി വിരിച്ചപോൽ.

ചാഞ്ചല്യമസ്ഥലത്തിന്നെതിരായ്, ഭംഗി
ചാഞ്ചാട്ടമച്ചെറുകുന്നിൽ, മിഴികളെ

വഞ്ചിക്കുമാറു വടക്കു മുഖമായി
മുഞ്ചൊന്ന സൌധം നടുവിൽ വിലസുന്നു.

വമ്പിച്ച ഗോപുരം രണ്ടിരു പാർശ്വവും
തുമ്പുകളംബരത്തെ ത്തൊട്ടുംപൊടി

ജൃംഭിച്ചുനിൽക്കുന്നു ചുററുമത്യുന്നത-
സ്തംഭമേലും മണ്ഡപ മണ്ഡലത്തോടും.

ധാവള്യമേലുന്നൊരതിന്റെ തുലാങ്ങളിൽ,
തുല്യമില്ലാതുള്ള കൊത്തുപണികളാൽ

ചാലേച്ചേർത്തിട്ടുമിതിഹാസകഥകളെ
യെല്ലാം സ്ഫുടമായ് പകർത്തിയിരിക്കുന്നു.

രാധയും, ശ്രീകൃഷ്ണനും, രസമേലുന്ന
ഗാഥകളിൽപ്പെട്ട യക്ഷാംഗനകളും,

സീതയും, പാഞ്ചാലിയു, മാഞ്ജനേയനും
ചേതോഹരരായ് വിളങ്ങുന്ന ചിത്രത്തിൽ.

മദ്ധ്യത്തെഴുന്ന പടിവാതിലിലെ സർവ-
സിദ്ധിപ്രദായകനാം ഗണനാഥനും

ഹസ്തങ്ങളിൽ ചക്രവും സൃണിയുംപൂണ്ടു
ബുദ്ധിയും വിത്തവും നൽകാൻ പ്രസന്നനായ്,

തുമ്പിക്കരംതുമ്പു ചാച്ചുയർത്തിപ്പിടി-
ച്ചമ്പൊട്ടം·കൊത്തു പണിയിൽ വിളങ്ങുന്നു

അപ്പടിവാതുക്കൽ നിന്നു വളഞ്ഞുപോ-
മൂർപ്പാതയൂടെ ചെല്ലുമ്പോളിടയ്ക്കിടെ,

നൽപൂവനങ്ങളും മുററങ്ങളും കാണു-
മത്യുത്തമാമ്മാറകത്തേപ്പടിവരെ,

നീലച്ചുവപ്പുനിറമാം നരമ്പാർന്ന
ചേലിയലും കളർ വെണ്ണറ്റിലകളാൽ

സ്ഥൂലമാമാവാതലിൻകട്ടിള ചിത്ര
വേലകളെന്യേ മിനുസമായ് മിന്നുന്നു.

നീലസ്ഫടിക പ്പലകയാലാണതിൻ
മേലേപ്പടി തീർത്തിരിപ്പൂ,തതിന്നുകീഴ്,

ആലംബമാമുമ്മറപ്പടി കാന്തിയാൽ
പാലൊത്ത വെൺപാറയിൽ പണിചെയ്തതാം.

ആയതിലൂടെകടന്നാലവിടെയു-
ണ്ടായതഭംഗികലർന്ന സോപാനങ്ങൾ

നീലനിറമിട്ടുമെല്ലാരയും; ചെററു
നാളമാം തൂൺനിരയുംപൂണ്ടു രമ്യമായ്;

ചിത്രമായിട്ടു മിഴികളുററത്തുള്ള
നൽത്തട്ടുകളും വഴിയേറാമവററയിൽ.

പാദത്തിന്നു പരം മോദമേകീട്ടുമ-
മ്മെല്ലെ സോപാനമാർഗ്ഗം കടന്നടൻ

എത്തുന്നതു തന്നെയേററം മനോജ്ഞമാ-
യുത്തുംഗമായെഴുമുള്ളിലെ ശ്ശാലകൾ.

വിസ്താരമേറുമവയെച്ചൂഴന്നുള്ള
ചത്വരഭൂമിയിൽ ച്ഛായാശിശിരമായ്

പന്തിയായ് ഭംഗികലർന്നു കാണാകുന്നി-
തന്തഃപുരയോഗ്യമാം പുഷ്പവാടികൾ.

മുററത്തുമിന്നുന്ന മഞ്ജുളമാം ജലം
വററാത്ത നീർച്ചാട്ട മെല്ലമുറവുകൾ

ചന്തംകലർന്നതിൻ ചുററും വിലസുന്ന
രക്തതാമരകളു മിന്ദീവരങ്ങളും.

നല്ലൊരു ചെമ്പരത്തിപ്പൂ നിറത്തിലെ-
ന്നല്ല പൊൻകാന്തിയിൽ നീലവർണ്ണത്തിലും

കണ്ണാടിപോലെ വിമലമായ് കാണുമ-
ത്തണ്ണീരിൽ മിന്നിക്കളിക്കുന്ന മത്സ്യങ്ങൾ.

ശാന്തമായ് നൃത്ത്യ പ്രഭയെഴും പൂവന-
പ്രാന്തങ്ങളിൽ ഭംഗിയിൽ തങ്ങിനിന്നവൻ,

പേടിവെടിഞ്ഞു തിന്നുന്നു വിടർന്നുള്ള
പാടലമാം പനിനീർ കുസുമങ്ങളെ

കേററ സൌന്ദര്യമൊത്തു വിശാലത
കൂടും മിഴികളെഴുന്ന മാൻകൂട്ടങ്ങൾ.

വർണ്ണമെഴും പക്ഷികൾ മഴവില്ലിന്റെ
ഖണ്ഡങ്ങൾ പോൽ പറക്കുന്നു പനകൾമേൽ.

വെണ്മയും നീലവും തേടും കപോതങ്ങൾ
ചെമ്മെയിണയിണയായ് ചേർന്നു കൊണ്ടവർ

നൽപൂച്ചെഴും ചിത്രിതമാം ശില്പങ്ങളിൽ
നിർഭയമായ് കൂടുകെട്ടി മേവീടുന്നു.

മിന്നും തളത്തിൽ നിന്നോമനപ്പീലികൾ
പിന്നിൽ പ്പരത്തി മയിലുകളാടുന്നു.

ഉരുണ്ടു കണ്ണുമുയർത്തി വാഴും വെള്ള
നാരകളായതു സൂക്ഷിച്ചു നോക്കുന്നു.

സ്വച്ഛന്ദമായങ്ങു മിന്നും പറന്നെത്തി
മെച്ചമെഴും തേൻ കനിവാർ കുലകളിൽ

തെച്ചിപ്പൂവും പോൽചുവന്ന കഴുത്താർന്ന
പച്ചക്കിളി നിര തൊന്നുകിടക്കുന്നു.

തണ്ടുപൂമഞ്ജരിതോറും ചിറകടി-
ച്ചൂർജ്ജസാ മത്തക്കിളികൾ പറക്കുന്നു.

പേടിയേറും പല്ലികൾ കഴുഴികൾ മേ-
ലാടലകന്നു റെയിൽകാത്തിരിക്കുന്നു.

ഓടിനടക്കുമെണ്ണാൻ നിര തീറ്റികൾ
തേടിയെത്തുന്നു മന്ദാരഹസ്തങ്ങളിൽ.

സ്വാന്തഭയമറിഞ്ഞീല ജന്തുക്കളി-
ല്ലാന്തമാം ഭൂമിയിൽ ഹിംസയില്ലായ്കയാൽ.

ഇത്രയുമല്ലങ്ങടുത്ത പൂഞ്ചോലയിൽ
കസ്തൂരിമാൻ നിര കേളിയാടീടുന്നു.

ഭംഗിയിൽ കാക്കകളോടു ചിലയ്ക്കുന്നു.
പിംഗനേത്രങ്ങളെഴും മരഞ്ചാടികൾ.

ഇവ്വണ്ണ മസ്നേഹലീലാഗൃഹമായ
പൂവനത്തിന്നുള്ളിലെ മന്ദിരങ്ങളിൽ

ഇംഗിതം പോലെയുപചരിപ്പാൻ ഭാവ
ഭംഗികലർന്ന മുഖാബ്ജങ്ങളാർന്നവർ

സുന്ദര മേനിമാരായ പരിജന
വൃന്ദങ്ങൾ വാണിതതാത്ത ഭാഗങ്ങളിൽ.

മാധുര്യമേറും മൃദുവാക്കുകളെന്നി
യോതാതെയു, മുപചാരവിധികളിൽ

ചേതസ്സിലുത്സാഹമാർന്നും സുഖങ്ങളിൽ
മോദിച്ചു, മന്യർക്ക് മോദമുണ്ടാക്കിയും.,

ഏതാജ്ഞകൾക്കു മെപ്പോഴും വഴിപ്പെടാ-
നാദരവേലുമാറാം പൂർവ്വിക പുണ്യം

അങ്ങാ മനോമോഹനമാ മരമന
യെങ്ങും വിളങ്ങുമവരുടെ മദ്ധ്യത്തിൽ,

തുംഗമഹിമ കലർന്ന യുവരാജ്ഞി,
യംഗനാമൌലി മണിയാം, യശോധര

മംഗലമേദുരമായ് നയിച്ചു സുഖ
ഭംഗമറിയാതെ ജീവിതമെന്നമേ,

മഞ്ജുമലർകളാൽ തീർന്ന തടങ്ങളിൽ
തങ്ങിമയാഴ്കിയ തേൻപുഴയെന്നപോൽ.

നല്പാർത്തേട്ട മന്ദിരവൃന്ദങ്ങ-
ളെല്ലാററിലും വച്ചു, മെച്ചമായൊക്കയും,

മുള്ളിലായ്, ശുഭ്രമാ,യുജ്ജ്വലമായൊരു
പള്ളിയറയും പരിഷ്കരിച്ചീടുന്നു.

ശില്പകലതന്നെ തന്നുടെ ചാരുവാം
കല്പനാവൈഭവം കോരിച്ചൊരിഞ്ഞുടൻ

കെല്പോടുൾക്കാമ്പു മയക്കുവാൻ തീർത്തതാ-
മപ്പൊന്മണിയറയെന്നു തോന്നും കണ്ടാൽ.

നാലുപാടും നൽചതുരശ്രമണ്ഡപ
ജാലമാന്റം, മേല്പുരയെന്നി മദ്ധ്യത്ത്,

നീലമാമംബരം തട്ടായുമങ്ങതിൻ
ചേലിയലും ചത്വരദേശം വിളങ്ങുന്നു.

ശുഭ്രധവള വെണ്ണക്കല്ലുകൊ-
ണ്ടെത്രയും രമ്യമായ് കെട്ടി, യതിനടെ

നേത്ര മിന്നസമാം പാളികൾ കൊണ്ടുതാൻ
തീർത്താരടിത്തളത്തോടും, വിമലമായ്,

നൽത്തോയമാർന്ന നീരാട്ടുകുളമതിൻ
മദ്ധ്യത്തു മംഗികലൻ വിലസുന്നു.

നാലുകരകളിലും കല്പടയിലും
മേലായതിൻ കടവിൻ കുട്ടിമത്തിലും

ലോലമാം വെള്ളസ്ഫടികങ്ങളാൽ ചിത്ര
വേലകൾ ചെയ്തിരിക്കുന്നു വിശിഷ്ടമായ്.

മഞ്ഞുനീർക്കട്ടകണക്കെ കുളിർത്തതി
മഞ്ജുളമാമസ്ഥലത്തു നടക്കുവാൻ

നെഞ്ചിൽ കുതൂഹലമാർക്കുമുണ്ടാം ജനാ-
മഞ്ചുന്ന ചൂടാർന്ന വേനൽ ദിനങ്ങളിൽ.

അമ്പുജമണ്ഡപത്തൂടെയു, മപ്പുറ-
ത്തുമരത്തിൻ ചിത്രപീഠത്തിലൂടെയും;

അന്തർഗൃഹത്തിൽ കടക്കവേ, ശാന്തമായ്
സ്വന്തം നിറം വിട്ട സൂര്യകിരണങ്ങളും,

പാരം വെളുത്തും, വിളറിയും മങ്ങിയും
തീരെയനുഷ്ണമാം ച്ഛായയായ്ത്തീർന്നു.

അപ്പുറത്തത്യന്ത ശോഭാ മനോജ്ഞമാ,-
യത്ഭുതത്തെക്കാളുമത്ഭുത രൂപമായ്,

അപ്പൂവനമണിമന്ദിരം കാണുമ-
ത്തിപ്പടിതന്നിലണഞ്ഞു നോക്കിടവേ,

അന്തഃകരണമലിഞ്ഞു പകച്ചുപോയ്
ചിന്തയും വാക്കുമെഴാതെ വിവശമായ്

ഹന്ത! ദിനംതന്നെ നിന്നതു വൈകിയാ-
ട്ടന്തിയായ്പ്പോയെന്നു തോന്നും നിരൂപിച്ചാൽ.

പ്രാന്തങ്ങളിൽ ഗന്ധയുക്ത തൈലങ്ങളാൽ
കാന്തികലർന്നു കത്തുന്ന ദീപപ്രഭ,

ശാന്തമനോഹരദീപ്തി കലർന്നതിൽ
സ്വാന്തം മയക്കുന്ന സൌരഭ്യമാർന്നവൻ,

നല്ലഴകേറും കിളിവാതിലുകളി-
ലുല്ലസിക്കും ശുക്തിവേലകളുടെയും,

ചാരുനക്ഷത്രശില്പം പൂണ്ട സൂക്ഷ്മമായ്
പാരം സ്ഫുരിക്കും ദ്യുതിയുടെയും

ഉള്ളിൽക്കടന്നാൽ ശില്പവിചിത്രമാം
പള്ളിമഞ്ചത്തിങ്കൽ വീണുള്ള പൂഴവും

മൂടുന്ന പൊൻനൂൽ വലകളിലും, ശോഭ
തേടുന്ന പട്ടുകിടക്കകൾ മേലിലും

തട്ടി ദ്യുതിപകർന്നേററം സുഖദമാം
മട്ടിൽ മണിയറയുള്ളിൽ പ്രകാശിപ്പൂ.

ഭംഗിയെഴുമതിൻ വാതിലിൽ ചിത്രമാം
തൊങ്ങലിയന്നൊരു തിരശ്ശീലയെ

മാററിയകത്തു കടക്കാം വിധേയരി-
ലേററവും സൌഭാഗ്യമാർന്നവരെന്നിയേ.

ഓമൽ പ്രഭാതത്തിലുമേറെ ദീപ്തമായ്,
കോമളമായ് സന്ധ്യപോലങ്ങു സർവ്വദാ

ചാരുവാമപ്രഭാപൂരം സ്ഫുരിക്കയാ-
ലാരുമറിവീല രാവും പകലുമേ.

നൽപ്പുലർകാലത്തിലെക്കാററു സുഖദമാ-
യപ്പാതിരാവിലെപ്പോലെ ശിശിരമായ്,

ഉൾപ്പൂകുളുർക്കുന്ന മട്ടിൽ മധുരമാ-
യെപ്പൊഴുമങ്ങിളം കാററു വീശീടുന്നു.

ക്ഷീണതവിട്ടു രാവും പകലും ചാരു
വീണാമൃദുസ്വനമുള്ളിൽ മുഴങ്ങുന്നു.

സ്വാദുതരങ്ങളാം ഭോജ്യങ്ങളുമങ്ങു
സാദരം വച്ചിരിക്കുന്നു ദിവാനിശം.

മഞ്ഞുനീർ വാൻതേനും സ്വാദിയലുന്ന
ഉള്ളുള്ളമായ മധുരപാകങ്ങളും,

ആരാൽ ഹിമാദ്രിയിലുള്ള നീർക്കട്ടയാൽ
പാരം തണുപ്പിച്ച പാനകവർഗ്ഗവും,

മേദുര സ്നിഗ്ദ്ധ മധുരങ്ങളാം പല
മോദകാദ്യങ്ങളും കാണുന്നി;തെന്നല്ല,

ചാരുദന്തംപോൽ വെളുത്തോരിളം നാളി-
കേരപാത്രത്തിലതിന്റെ രസങ്ങളും.

പാനപാത്രങ്ങളും വാഹിച്ചും, പലവിധ
ഗാനവാദ്യാദി വിനോദങ്ങളാർന്നതേ

രാവും പകലും തിരുമുമ്പിലൻപോടു
സേവചെയ്യാൻ ചില ദാസിമാർ നില്ക്കുന്നു.

സ്വർണ്ണ ഗാത്രിമാർ, സാരംഗനേത്രമാർ,
മന്മഥരാജ്യമനോഹര മൂർത്തിമാർ,

അമ്മുകിൽ വേണിമാർ നിന്നതിരുവടി
ചെമ്മെയുറങ്ങവേ മന്ദമായ് വീശുന്നു.

പള്ളിയുണർന്നാൽ പ്രഭുവിനേററം പ്രിയ-
മുള്ളതറിഞ്ഞുപചാര വിധികളാൽ,

ഉള്ളത്തെ വീണ്ടും വിഷയരസാബ്ധിയിൽ
തള്ളിയിടുന്നു വിലാസിനിമാരവർ.

ചേണാർന്ന വെള്ളിച്ചെറുകമ്പികൾ മീട്ടി
വീണവായിക്കുന്നു വിദ്യുല്ലതാംഗിമാർ.

ഭംഗിയെഴും കാൽച്ചിലമ്പിന്റെ കിങ്കിണി
സംഗീതമേളത്തിനൊത്തു കിലുങ്ങവേ

അംഗങ്ങൾ വീശി മയങ്ങി നിന്നാടുന്നു
ശൃംഗാരമോഹന ഗീതങ്ങൾ പാടുന്നു.

അപ്പോൾ പരന്നു മൃഗമദം ചമ്പക
പുഷ്പമിവയുടെ സാരസൌരഭ്യങ്ങൾ

ചാലേ സുഗന്ധ വസ്തുക്കളെരിച്ചെഴും
നീലനീരാവിപോൽ നേർത്ത ധൂമങ്ങളും

ലീലാവിലോലമാ മൂൾപ്പൂവിനെ യതി-
വേലം സുഖത്തിൽ സ്വയം ലയിപ്പിക്കയാൽ,

ധന്യൻ സുമുഖി യശോധരയോടൊത്തു
പിന്നെയും പള്ളിക്കുറുപ്പു കൊണ്ടീടുന്നു.

ഇങ്ങനെ സിദ്ധാർത്ഥനെല്ലാം മറന്നഹോ!
സംഗ സുഖത്തിൽ മയങ്ങി മരുവിനാൻ.

അത്രയല്ലാ വിശ്രമവനത്തിന്നുള്ളിൽ
മൃത്യു, വാർദ്ധക്യം, വ്യസനം, വ്യഥ, രോഗം

ഇത്യാദിയെപ്പററി മിണ്ടരുതെന്നമ-
ക്കൃത്യജ്ഞനായ നൃപതിയാജ്ഞാപിച്ചു.

ലീലാഗൃഹത്തിൽ നൃത്തംവച്ചു നില്ക്കുന്ന
ലോലാംഗിമാരിലൊരുത്തിക്കു തൽക്ഷണം

ആലസ്യമാൻ മിഴിമങ്ങിയാടുന്ന
കാലിണതെല്ലു കുഴങ്ങിയെന്നാലുടൻ,

തന്തിരുമേനിക്കതുകണ്ടു മാനസ
ചിന്തചെറുതു മുണ്ടാകാതിരിക്കുവാൻ

പ്രാന്തത്തിലെങ്ങുമേ നില്ക്കാതരമന-
പ്പൂന്തോപ്പുവിട്ടു പുറത്തു പൊയ്ക്കൊള്ളണം,

സുന്ദരിയാമവൾ ശാപം പിണകയാൽ
നന്ദനോദ്യാനത്തിൽ നിന്നപ്സരസ്സുപോൽ.

വേദനയും, വ്യാധിയും, ജനങ്ങൾക്കെഴും
ഖേദങ്ങളു,മവർ കണ്ണീർ പൊഴിപ്പതും,

പേടിപ്പതും, പ്രിയബന്ധുക്കളെപ്പിരി-
ഞ്ഞാടൽ പൊറാതെ നിലവിളിക്കുന്നതും,

കട്ടമേൽവെച്ചു ചുടലകളിൽ ശവം
ചുട്ടതീയും പുകയും പൊങ്ങിടുന്നതും,

എന്തുവേണ്ടാ നാട്ടിലുള്ള ദുഃഖങ്ങളി-
ലൊന്നിനെപ്പററിയെന്നാകിലുമങ്ങൊരാൾ

അക്ഷരം മിണ്ടിയാലായതു സൂക്ഷിച്ചു
ശിക്ഷ നടത്തുവാൻ നിന്നു നിയോജ്യരും.

ആടിയും പാടിയുമങ്ങു വാണീടുന്ന
ചേടിമാർക്കാർക്കെങ്കിലും ചികുരങ്ങളിൽ

ഒറ്റത്തലനാർ വെളുത്തു കണ്ടാൽ കടം-
കുറ്റമാണായതും; ചട്ടമീവണ്ണമായ്.

തേടിപ്പറിച്ചുകളയും രാവിലേ പൂന്തു
വാടിയിൽ വാടിയ പൂക്കളെ ദ്ദാസിമാർ;

പാടേ പഴുത്തു പൊഴിയുമിലകളെ-
ക്കൂടെപ്പെറുക്കി ദ്ദൂരത്തു മറച്ചീടും.

എന്നല്ല കണ്ണിനു കഷ്ടമായ് തോന്നുന്ന-
തൊന്നുമവിടെയില്ലാതെ സൂക്ഷിച്ചിതു.

മന്നവൻ ചിന്തിച്ചു; "ഇവ്വണ്ണമാകുകി-
ലെന്നുടെ നന്ദനൻ ലോകദുഃഖങ്ങളെ

ചിന്തിയാതേയും, വെറും വിചാരങ്ങളാൽ
വന്ധ്യമാകാതെയും പോകിടും യൗവനം;

പിന്നെയവനൊരു ഭിക്ഷുവായ് പോകുമെ-
ന്നെന്നുടെ മാനസത്തിൽ പെടും പേടിയും

ച്ഛിന്നസന്ദേഹമൊഴിയും;—വിരക്തിയീ-
മന്നിൽ മനുഷ്യർക്കു സാദ്ധ്യമാകുന്നതോ?

എന്നല്ല, പിന്നെവരേണ്ട വിഭവങ്ങ-
ളൊന്നൊഴിയാതെൻ കുമാരന്നു കൈവരും.,

കുററമില്ലാതവൻ കാക്കും വിചാരിക്കി-
ലൊററവെൺ കൊററക്കുട ധരിച്ചൂഴിയെ;

മാററലരററ മഹാസാവ് ഭൌമനാ
മേററവും മാഹാത്മ്യമാന്നിട്ടു" മെന്നമേ.

ഇങ്ങനെ മന്നവ നമ്മനോമോഹന
ശൃംഗാരരംഗമാകും ജയിലിൽ സ്വയം

രാഗമാംകാരാധികാരിക്കു കീഴ്, സുഖ-
ഭോഗങ്ങളാകുമിരുമ്പഴിക്കുള്ളിൽ,

ഇട്ടു മകനെ യട, ച്ചൊരു വന്മതിൽ
കെട്ടുവാൻ കല്പിച്ചു ചുററു ചൂഴവും.

അഗ്രഭാഗത്തിങ്കൽ വെങ്കലത്താലങ്ങൊ-
രുഗ്രമാം വാതിൽ നിർമ്മിപ്പിച്ചു മദ്ധ്യത്തിൽ;

ഊററമാമക്കവാടം തുറന്നാൽ തള്ളി
മാററുവാൻ വേണമൂക്കുള്ള നൂറാളുകൾ;

വാശ്ശുമതിന്റെയുൽഘാടന ശബ്ദവും
കേൾക്കാമ്പുറമൊരു യോജന ദൂരത്തിൽ,

ഇമ്മതിലിന്നുള്ളിൽ വേറൊരു സാലമു-
ണ്ടമ്മതിൽ കെട്ടിന്നകത്തുണ്ടു മറെറാന്നും,

ഇമ്മൂന്നു സാലങ്ങളിലും പടിവാതിൽ
ചെമ്മേയടച്ചുഴിയിട്ടിരിക്കും സദാ.

ആവഴിയല്ലാതരമന വിട്ടിട്ടു
പോവതിന്നില്ലൊരു മാർഗ്ഗവുമാർക്കുമേ;

ആവാതിലുകളിന്മുമ്പിലൊരോന്നിലും
കാവലുമുണ്ടു വിശ്വസ്ത ഭടജനം.

എന്നല്ലിതു വഴിപോവാനൊരുവനും
ചെന്നാലയയ്ക്കരുതെന്നും, സ്വയം തന്റെ

നന്ദനൻ പോരുകിലും നിജകല്പന
യെന്നിവിട്ടീടരുതെന്നും, വിടുകിലോ

അന്നങ്ങനെ ചെയ്യുവർക്കു വധശിക്ഷ
യെന്നുമാജ്ഞാപിച്ചു വാണു നൃപൻ സുഖം.

(രണ്ടാംകാണ്ഡം സമാപ്തം.)

കേരള സാഹിത്യ
അക്കാദമി